# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 11, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--391]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 411 മുതൽ 595 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 596 മുതൽ 672 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 673 മുതൽ 757 വരെ |
| തുറമുഖം - സഹകരണ വകുപ്പ് മന്ത്രി | : 758 മുതൽ 801 വരെ |

## പരപ്പനങ്ങാടി പ്ലാനിറ്റോറിയം ആൻഡ് സയൻസ് പാർക്ക്

411 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനിറ്റോറിയം ആൻഡ് സയൻസ് പാർക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

412 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ, വിവിധ വകുപ്പുകൾക്ക് നൽകുന്നതിനുള്ള കുടിശ്ശിക, കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശിക എന്നിവ നൽകുന്നതിനായി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; അവ എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിലും സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്ന കമ്പനികൾക്കുമുള്ള കുടിശ്ശിക എത്രയാണെന്നും അവ എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും പെൻഷൻകാർക്കും കുടിശ്ശികയായ

ഡിഎ, ഡി.ആർ, ലീവ് സറണ്ടർ, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ; ആയത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി

413 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഓരോ മേഖലയിലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള കുടിശിക തുക എത്രയെന്ന് വിശദമാക്കാമോ;

(സി) വിവിധ മേഖലകളിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; പ്രസ്തുത വിഹിതം കുടിശികയാകുന്നതിനുള്ള കാരണം അറിയിക്കുമോ?

## ലോക കേരള സഭയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും

414 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നാളിതുവരെ നടന്ന ലോക കേരള സഭ ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ; എങ്കിൽ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ലോക കേരള സഭ ഏതെല്ലാം തരത്തിൽ സഹായിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നാളിതുവരെ നടന്ന ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ സമ്മേളനത്തിനും ചെലവഴിച്ച തുകയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) 2024-ലെ ലോക കേരള സഭയ്ക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

415 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) 2016 മാർച്ച് 31 ന് സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും നിലവിൽ

സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതെല്ലാം വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്ന് വായ്പ, കടം എടുത്തിട്ടുണ്ട് എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2023-24 സാമ്പത്തിക വർഷം ഓരോ വകുപ്പിനും പദ്ധതിയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയത് എന്നും അതിൽ എത്ര രൂപ പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ചു എന്നും വകുപ്പ്, പദ്ധതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

## <u>അരൂർ ഫയർസ്റ്റേഷൻ നിർമ്മാണത്തിന് സാമ്പത്തികാനുമതി</u>

416 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിന് തീരദേശ പരിപാലന സമിതിയുടെ അനുമതി ലഭ്യമാക്കുന്നതിനായി ഡയറക്ടർ ജനറൽ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സാമ്പത്തികാനുമതിക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>ശമ്പളപരിഷ്കരണ കുടിശിക വിതരണം</u>

417 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2019-ലെ ശമ്പളപരിഷ്കരണ കുടിശിക ഇനത്തിൽ എത്ര തുക അനുവദിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശിക എത്ര ഗഡുക്കളായി ഏതൊക്കെ സമയത്ത് വിതരണം ചെയ്യുമെന്നായിരുന്നു മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഗഡുക്കൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) എത്ര ഗഡു കുടിശികവിതരണം നിലവിൽ നീട്ടി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നീട്ടിവെച്ച ഗഡുക്കൾ ഉൾപ്പെടെ മുഴുവൻ ശമ്പളപരിഷ്കരണ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ പരിഷ്കരണത്തിന്റെ കുടിശികത്തുക എത്ര ഗഡുക്കളായി ഏതൊക്കെ ഘട്ടങ്ങളിൽ വിതരണം ചെയ്യുമെന്നായിരുന്നു പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പെൻഷൻ പരിഷ്കരണ കുടിശിക വിതരണത്തിലെ കാലതാമസത്തെ തുടർന്ന് ആനുകൂല്യം ലഭിക്കാതെ ഈ കാലയളവിൽ എത്ര വിരമിച്ച ജീവനക്കാർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനായി പുതിയ കമ്മീഷനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാൻ നടപടി

418 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും 2024 മെയ് 31ന് എത്ര ജീവനക്കാരാണ് വിരമിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കാൻ ഉദ്ദേശിക്കുന്നു എന്ന ആരോപണം വസ്തുതാപരമാണോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാകുമോ?

## അതിഥി തൊഴിലാളികളും കേരള സമ്പദ്ഘടനയും

419 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമ്പദ്ഘടനയിൽ അതിഥി തൊഴിലാളികളുടെ ആധിക്യം മൂലം നേരിടുന്ന പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള സമ്പദ്ഘടനയിൽ നിന്നും പ്രതിവർഷം എത്ര തുകയാണ് അതിഥി തൊഴിലാളികൾ മുഖേന മറ്റ് സംസ്ഥാന സമ്പദ്ഘടനയിലേക്ക് പോകുന്നത് എന്നത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആയത് സംസ്ഥാന സമ്പദ്ഘടനയിൽ പ്രത്യാഘാതമുളവാക്കുന്നുവെങ്കിൽ അവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക

420 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും 57,000 കോടിയോളം രൂപ സംസ്ഥാനത്തിന് ലഭിക്കാനുണ്ട് എന്നത് വസ്തുതയാണോ;

(ബി) പ്രസ്തുത തുക നേടിയെടുക്കാൻ കേന്ദ്ര സർക്കാരിന് നിവേദനം നല്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത തുക നേടിയെടുക്കാൻ സർക്കാർ സുപ്രീം കോടതിയിൽ കേസ് നല്കിയിരുന്നോ; എങ്കിൽ കേസിന്റെ വിശദാംശം നൽകാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

421 **ശ്രീ. സനീഷ്‌കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതയിനത്തിൽ വകയിരുത്തിയ തുകയും പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച തുകയും വ്യക്തമാക്കുമോ;

(ബി) മുൻ സാമ്പത്തിക വർഷം വകയിരുത്തിയതിൽ നിന്നും അനുവദിക്കാതിരുന്ന തുക കൂടി കൂട്ടുതലായി ഉൾപ്പെടുത്തിയാണോ നടപ്പ സാമ്പത്തിക വർഷം പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

422 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സംസ്ഥാനത്തിന് കടമെടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;ു;

(ബി) സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കടമെടുക്കുന്നത് തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കു മേൽ ഉണ്ടാക്കാൻ സാധ്യതയുള്ള പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാമ്പത്തിക മാനേജ്മെന്റിലെയും നികുതി പിരിവിലെയും കാര്യക്ഷമത ഇല്ലായ്മയാണ് ഇത്തരത്തിലുള്ള കടമെടുപ്പിലേക്ക് നയിച്ചത് എന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ആഭ്യന്തര വരുമാനവും നികുതി വരുമാനവും വർദ്ധിപ്പിക്കാൻ നടപടി

423 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം

424 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രതികൂല നടപടികൾ മൂലം 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുണ്ടായ ആകെ വരുമാന നഷ്ടം എത്ര രൂപയാണെന്നാണ് സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിട്ടുള്ളത്; സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള തുകയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇതിൻ പ്രകാരം ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതമാണ്

സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടി കുറയ്ക്കുകയുണ്ടായോ; എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് വരുത്തിയിട്ടുള്ളത്; ഈ കുറവ് വരുത്തലിന് കാരണമായി കേന്ദ്രം ചൂണ്ടിക്കാണിച്ചിട്ടുള്ളത് എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ആകെ എത്ര രൂപയാണ് കടം എടുത്തിട്ടുള്ളത്; കടമെടുത്ത തീയതി, തുക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വർദ്ധനവ് അനുവദിക്കുകയുണ്ടായോ; എങ്കിൽ ആകെ എത്ര ശതമാനം വർദ്ധനവാണ് അനുവദിച്ചത്; ഇത് എത്ര തവണകളായി എത്ര രൂപ വീതം ആണ് സംസ്ഥാനം കടം കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) കടമെടുപ്പ് പരിധിയിൽ ഇളവ് അനുവദിക്കുന്നതിനോടനുബന്ധിച്ച് കേന്ദ്രം മുന്നോട്ടു വച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>ആഭ്യന്തര ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്</u>

425 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കഴിഞ്ഞ പത്തുവർഷം കൊണ്ട് ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് അനുശാസിക്കുന്ന പ്രകാരം മൊത്തം ആഭ്യന്തര ഉല്പാദനത്തിനാനുപാതികമായി കടമെടുക്കുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ടോ; വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം കടമെടുപ്പ് ഇനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ;വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തിയ വെട്ടിക്കുറക്കൽ മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം</u>

426 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി ഏറ്റവും ഒടുവിൽ റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ്; വിശദമാക്കാമോ;

(സി) സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുന്ന അവസരത്തിൽ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കാറുണ്ടോ; എങ്കിൽ എന്തെല്ലാം വസ്തുതകളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കിയതിൽ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ സംഭാവന എന്താണ്; വിശദമാക്കാമോ?

## മെഡിസെപ്പ്

427 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായുള്ള മെഡിസെപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരനിൽ നിന്നും പ്രതി മാസം 500 രൂപ നിരക്കിൽ പ്രതിവർഷം വാങ്ങുന്ന 6000 രൂപയിൽ നിന്ന് സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന തുക എത്രയാണ്;

(ബി) മെഡിസെപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഏതെങ്കിലും തരത്തിൽ തുക ചെലവഴിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നാളിതുവരെയുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഏതെല്ലാം തസ്തികയിലെന്നും ഇതിൽ കരാർ നിയമനം, ഡെപ്യൂട്ടേഷൻ നിയമനം, ഇവർക്ക് നൽകി വരുന്ന ശമ്പളം ഇവ എത്രയെന്നും വിശദമാക്കുമോ;

(ഡി) ഒരു കുടുംബത്തിലെ ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാവുകയും രണ്ട് പേരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ്പ് പ്രീമിയം പിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ ഏതെങ്കിലും ഒരാൾക്ക് ഓപ്ഷണൽ ആക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) മെഡിസെപ്പിൽ സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ചികിത്സക്ക് സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള മെഡിസെപ്പ് പ്രീമിയം പരിഷ്കരിച്ച് എല്ലാ വിഭാഗം ചികിൽസകളും ഏത് ആശുപത്രികളിലും ക്യാഷ് ലെസ്സായി ലഭിക്കുന്ന തരത്തിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായി മെഡിസെപ്പിനെ മാറ്റുവാൻ തയ്യാറാകുമോ?

## മെഡിസെപ്പ് ധാരണാ പത്രം

428 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പിട്ട ധാരണ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക

429 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ 2021-22,2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## ജീവാനന്ദം പദ്ധതി

430 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കി ജീവാനന്ദം എന്ന പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യമെന്ന് വ്യക്തമാക്കുമോ ;

(ബി) വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുമെന്നിരിക്കെ ഇങ്ങനെയൊരു പദ്ധതിയുടെ പ്രസക്തി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നിർത്തലാക്കുന്നതിന്റെ ഭാഗമായാണോ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അടിസ്ഥാന ശമ്പളത്തിന്റെ എത്ര ശതമാനമാണ് ഇപ്രകാരം പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതിയിൽ എല്ലാ ജീവനക്കാരും നിർബന്ധമായും അംഗമാകേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ജീവനക്കാരുടെ ശമ്പളം നിർബന്ധമായും പിടിച്ചെടുത്തു വകമാറ്റി ചെലവഴിക്കുന്ന രീതിയിലുള്ള പദ്ധതി നിർദേശം പിൻവലിക്കുവാൻ തയ്യാറാകുമോന്ന് വ്യക്തമാക്കുമോ?

## നടപ്പു സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി

431 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നടപ്പു സാമ്പത്തിക വർഷം കടം എടുക്കാവുന്ന തുക എത്രയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നിലപാടിനെതിരെ സുപ്രീം കോടതിയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) 2016 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ കടം എടുത്ത അധിക തുക പിന്നീടുള്ള വർഷങ്ങളിൽ കുറവു വരുത്താൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്ന സുപ്രീം

കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കടമെടുപ്പ് പരിധി

432 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നടപ്പു സാമ്പത്തിക വർഷം കടമെടുക്കാനുള്ള തുക നിശ്ചയിച്ച് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നതിനേക്കാൾ കുറവാണോ എന്നറിയിക്കുമോ;

(സി) ഈ വർഷത്തെ വിവിധ ചെലവുകൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ? ?

## 2024-25 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി

433 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് ആകെ എത്ര രൂപയാണ് കടമെടുക്കാൻ കഴിയുക; ഇതിൽ എത്ര രൂപ കടം എടുക്കുന്നതിനാണ് കേന്ദ്രം ഇതിനോടകം അനുമതി നൽകിയിട്ടുള്ളത്;

(ബി) ഈ തുകയിൽ നിന്നും എത്ര രൂപയാണ് സംസ്ഥാനം ഇതിനോടകം കടം എടുത്തിട്ടുള്ളത്;

(സി) ഈ സാമ്പത്തിക വർഷത്തിൽ ആകെ എത്ര സർക്കാർ ജീവനക്കാരാണ് ജോലിയിൽ നിന്നും വിരമിക്കുന്നത്; പ്രസ്തുത ജീവനക്കാർക്ക് എല്ലാം കൂടി ആകെ എത്ര രൂപ പെൻഷൻ ആനുകൂല്യമായി നൽകേണ്ടി വരും എന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പണം എപ്രകാരം കണ്ടെത്താൻ ആകും എന്നാണ് സർക്കാർ കരുതുന്നത്;

(ഡി) 2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ കടമെടുപ്പ് വരുമാനമായി കണക്കാക്കിയിരിക്കുന്നത് എത്ര രൂപയാണ്; എങ്കിൽ കേന്ദ്രം കടമെടുക്കാൻ അനുമതി നൽകിയ തുക കിഴിച്ച് ബാക്കി തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്;

(ഇ) വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഈ കുറവ് മൂലം ഏതൊക്കെ മേഖലകളിൽ ചെലവ് ചുരുക്കേണ്ടി വരും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സംസ്ഥാനത്തിന്റെ പൊതു കടം

434 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വിശദമാക്കുമോ; പ്രസ്തുത സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി ചുരുക്കുന്നതിനായുള്ള ഗ്രാന്റിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## <u>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ വായ്പ ബാധ്യതകൾ</u>

435 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ നിലവിലെ വായ്പ ബാധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വായ്പയിലെയും തിരിച്ചടവിന്റെ സമയക്രമവും നാളിതുവരെയുള്ള തിരിച്ചടവിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ; കമ്പനിക്ക് നിലവിൽ എത്ര കോടി രൂപയുടെ വായ്പ ബാധ്യത ഉണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കിഫ്ബി മസാല ബോണ്ട്</u>

436 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി മസാല ബോണ്ടിൽ എത്ര കോടി രൂപയുടെ ബോണ്ട് വിൽക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി മസാല ബോണ്ട് കാനഡയിലെ ക്യൂബെക്കിൽ ലിസ്റ്റ് ചെയ്ത വകയിൽ എത്ര കോടി രൂപയുടെ ബോണ്ട് വിൽക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ?

## <u>തിരൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

437 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>കിഫ്ബി മുഖേന നൽകിയ തുക</u>

438 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും

അറിയിക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി മസാല ബോണ്ട്

439 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ട് ഏതൊക്കെ സ്ഥാപനങ്ങളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ മസാല ബോണ്ട് പബ്ലിക്കായും പ്രൈവറ്റായും ഇഷ്യൂ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) മസാല ബോണ്ട് പബ്ലിക്കായും പ്രൈവറ്റായും ഇഷ്യൂ ചെയ്തത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബിയുടെ മസാല ബോണ്ടിൽ സംസ്ഥാനത്തിന് ലഭിച്ച തുക ഏതു സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നുമാണ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് വന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപെട്ട് ഏതൊക്കെ സ്ഥാപനങ്ങളുടെ പ്രതിനിധികളാണ് സംസ്ഥാനത്ത് വന്നു ചർച്ച നടത്തിയതെന്ന് വിശദമാക്കാമോ; ഇവരുടെ പേര് വിവരങ്ങളും സ്ഥാപനത്തിന്റെ പേരും നൽകാമോ?

## 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം

440 **ശ്രീ. സനീഷ്‍കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണം ആരംഭിച്ചത്, പുരോഗമിക്കുന്നത്, പൂർത്തീകരിച്ചത് എന്നീ ഘട്ടങ്ങളിലുള്ള റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിലുള്ളതുമായ റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവറുകൾ, മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലക്കോട് - കാപ്പിമല റോഡ് നിർമ്മാണം**

441 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ആലക്കോട് - കാപ്പിമല റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**നാദാപുരം വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി**

442 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് കിഫ്ബി മുഖാന്തിരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കില നാളിതുവരെ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയത് എന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ടെണ്ടർ നടപടി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

**കിഫ്ബി ജനറൽ ബോഡി യോഗം**

443 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ രണ്ടിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കിഫ്ബിയുടെ 34-ാം ജനറൽ ബോഡി യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

444 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെ തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്നതിലുണ്ടായ 7 വർഷത്തെ കാലതാമസത്തിനു പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഉണ്ടായിരിക്കുന്ന പ്രധാന തടസ്സം വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ശരിയായ രീതിയിൽ സമർപ്പിക്കാത്തതിന്

എസ്.പി.വി യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ കിഫ്ബി പദ്ധതി</u>**

445 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; പ്രവൃത്തിക്ക് തടസങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാമോ?

**<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന കിഫ്ബി പ്രവൃത്തികൾ</u>**

446 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കിഫ്ബി പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

447 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ കിഫ്ബിയുടെ ധനകാര്യ അംഗീകാരം ലഭ്യമാകാത്തതോ ഇതുവരെ ആരംഭിക്കാത്തതോ ആയ പ്രവൃത്തികളുണ്ടോ എന്നറിയിക്കുമോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>പാലക്കോട്-ഏട്ടിക്കുളം എച്ച് .എസ് . റോഡ് പദ്ധതി</u>**

448 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട്-ഏട്ടിക്കുളം എച്ച്.എസ്. റോഡ് നിർമ്മാണം നിർത്തിവെക്കാൻ നിർദ്ദേശിച്ചത് എന്തിനാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് ദേശീയ പ്രാധാന്യമുള്ള ഏഴിമല നേവൽ അക്കാദമിയിലേക്കുള്ള പ്രധാന പാത ആയതുകൊണ്ട് തീരുമാനം പുന:പരിശോധിച്ച് റോഡ് നിർമ്മാണത്തിന് കിഫ്ബി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോവളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

449 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ കിഫ്ബി പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

## വണ്ടൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

450 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാട്ടിൽ കടവ് പാലം നിർമ്മാണം

451 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച കാട്ടിൽ കടവ് പാലംനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതെന്നെന്നും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) കാട്ടിൽ കടവ് പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ;

(സി) കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇനിയും കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾ

452 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിലവിൽ പാറശ്ശാല മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിൽ കില നിർവ്വഹണ ഏജൻസിയായിട്ടുള്ള 5 സ്കൂളുകളുടെ നിർമ്മാണം, തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം എന്നീ കിഫ്ബി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ ചിറ്റുമൂല മേൽപ്പാല നിർമ്മാണം</u>**

453 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച ചിറ്റുമൂല ( പുതിയ കാവ്-ചക്കുവള്ളി) മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചതെന്നാണെന്നും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലത്തിന് സാങ്കേതികാനുമതി ലഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; പ്രസ്തുത നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം</u>**

454 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**<u>പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം</u>**

455 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ; അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ കുളം റോഡ് പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി</u>**

456 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ കുളം ഗ്രാമപഞ്ചായത്തിലെ എ.ഇ.ഒ.-നക്കോല റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ബി1/29/24 ന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കരുനാഗപ്പള്ളി തഴവ കോളേജ് കെട്ടിടനിർമ്മാണം

457 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കരുനാഗപ്പള്ളി തഴവ കോളേജിന് കിഫ്ബി മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതികതയുടെ പേരിൽ കാലതാമസം വരുത്താതെ അടിയന്തരമായി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതി

458 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച, കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാം ഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ ജി.എച്ച്.എസ്സ്.എസ്സ്. കെട്ടിടനിർമ്മാണ പ്രവൃത്തി

459 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ ജി.എച്ച്.എസ്സ്.എസ്സ്. കെട്ടിടനിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കണ്ണാടി- പന്നിക്കോട് റോഡ് പുനരുദ്ധാരണം

460 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലുള്ള കണ്ണാടി- പന്നിക്കോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണം ഉടൻ

ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

461 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന ഗവ. എച്ച്.എസ്.എസ്. തൊളിക്കോട്, ഗവ. യു.പി.എസ്. വിതുര എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

462 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

**കിഫ്ബിയിലെ നിയമനം**

463 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ സർവീസിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർ നിലവിൽ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നത്; ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമ്മാണം**

464 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി എന്തെങ്കിലും സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം**

465 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മാണം

466 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വക്കം - കായിക്കരക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## കിഫ്ബി മുഖേനയുള്ള വികസന പദ്ധതികൾ

467 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന സംസ്ഥാനത്ത് നിലവിൽ എത്ര വൻകിട പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തിന്റെ വികസന മേഖലയെ എങ്ങനെ സ്വാധീനിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്താക്കുമോ;

(ബി) കിഫ്ബിയിൽ ഫണ്ട് അനുവദിച്ച എത്ര വൻകിട പദ്ധതികളുടെ പ്രവൃത്തികളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

## കൊട്ടുവഴന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ നവീകരണ പ്രവൃത്തി

468 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊട്ടുവഴന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കിഫ്ബി ഓഫീസ്

469 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ ഓഫീസ് വാടക ഇനത്തിൽ കിഫ്ബി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) കിഫ്ബി സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്; വിശദാംശങ്ങൾ നൽകുമോ;

(സി) സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ ചെലവ്

വരുമെന്നാണ് കിഫ്ബി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മലമ്പുഴ റിംഗ് റോഡും പാലവും**

470 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ടതും നിലവിൽ പണികൾ പുരോഗമിച്ച് വരുന്നതുമായ മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ റിംഗ് റോഡും പാലവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകളും വൈദ്യുതി പോസ്റ്റുകളും മാറ്റി സ്ഥാപിക്കുവാൻ കിഫ്ബി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

471 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതും ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദവിവരവും പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതിയും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് അറിയിക്കുമോ; പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കാക്കുളങ്ങരപള്ളിയുടെ നവീകരണം**

472 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് വളപട്ടണത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് (ഹെറിറ്റേജ് ടൂറിസം) നവീകരിക്കുന്ന കാക്കുളങ്ങരപള്ളി പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതി**

473 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയെങ്കിലും ഇതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ്, കുന്ദമംഗലം ബൈപ്പാസ്, പൊൻപാറക്കുന്നിലെ ലൈഫ് ഭവന സമുച്ചയം എന്നീ നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവ പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ

ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**കുണ്ടറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

474 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിപ്രകാരം നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

**കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ**

475 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി ചിലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി വന്നിട്ടുള്ള തുക വിനിയോഗിച്ച് ഇതേ സ്കൂളിൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

**നാറാത്ത്-പാപ്പിനിശ്ശേരി കല്ലൂർകടവ് പാല നിർമ്മാണം**

476 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന നിർമ്മിക്കുന്ന നാറാത്ത്-പാപ്പിനിശ്ശേരി ബന്ധിപ്പിക്കുന്ന കല്ലൂർകടവ് പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് ധോണി റോഡുനിർമ്മാണം**

477 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള, മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് - ധോണി റോഡിന്റെ പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള നപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കിഫ്ബി ഫണ്ട്**

478 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ തയാറാക്കി സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദാംശം നൽകുമോ;

(സി) അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

## വർക്കല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

479 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## വർക്കല പുന്നമൂട് മാർക്കറ്റിന്റെ നവീകരണം

480 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്താൻ തീരുമാനിച്ചിട്ടുള്ള വർക്കല പുന്നമൂട് മാർക്കറ്റിന്റെ നവീകരണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## നൂറനാട് ഇടപ്പോൺ ദേശസേവിനി ഗ്രന്ഥശാലയ്ക്ക് പുതിയ കെട്ടിടം

481 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നൂറനാട് ഇടപ്പോൺ ദേശസേവിനി ഗ്രന്ഥശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേക ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രത്യേക ഭരണാനുമതി അനുവദിച്ചു നൽകുമോയെന്ന് വ്യക്തമാക്കുമോ?

## ഓപ്പൺ ജിംനേഷ്യത്തിന്റെ നിർമ്മാണത്തിന് പ്രത്യേകാനുമതി

482 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -24 വർഷത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കൊട്ടാരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിംനേഷ്യം (പ്രോജക്ട് ഐ.ഡി. 20074) എന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് പ്രത്യേകാനുമതി നൽകി നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

483 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കാലയളവിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകാനുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നൽകാനുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾക്ക് അയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ എ.ഡി.എഫ് പ്രവൃത്തികൾ</u>

484 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്ര തവണ ടെൻഡർ ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) വൈപ്പിൻകര പോലുള്ള തീരദേശ മണ്ഡലത്തിലെ പ്രവൃത്തികൾ കരാറിൽ ഏർപ്പെടാത്തതുമൂലം തുക നഷ്ടമാകുവാനുള്ള സാധ്യതകളും ജനങ്ങളുടെ ഗതാഗത ക്ലേശവും കണക്കിലെടുത്ത് കോസ്റ്റ് ഇൻഡക്സ് പോലുള്ള ബദൽ മാർഗങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>കായംകുളം താലൂക്കാശുപത്രിയ്ക്ക് സമീപമുള്ള ടാക്സി സ്റ്റാന്റിന്റെ നിർമ്മാണം</u>

485 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിച്ച് കായംകുളം താലൂക്കാശുപത്രിയ്ക്ക് സമീപമുള്ള ടാക്സി സ്റ്റാന്റിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**കരുനാഗപ്പള്ളി മണ്ഡലത്തിലെ എ.ഡി.എഫ്. പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക**

486 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2021-22 മുതൽ 2023-24 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സേവിംഗ്സിൽ നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ?

**എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

487 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരുടെ സഹകരണം ഉറപ്പു വരുത്തുമോ; വിശദമാക്കാമോ?

**അരൂർ മണ്ഡലത്തിലെ വികസന പദ്ധതികൾ**

488 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2021-24 കാലഘട്ടത്തിൽ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ എം.എൽ.എ.മാർക്ക് അനുവദിച്ച (2016-21) പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടെന്നും; ആയതിന് പകരം ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**വൈപ്പിൻ പഞ്ചായത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന്**

489 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്ത് ആസ്തി രജിസ്റ്ററുകളിലുൾപ്പെട്ട റോഡുകളെല്ലാം രൂക്ഷമായ കടലാക്രമണത്താലും വെള്ളക്കെട്ടിനാലും തകർന്നിട്ടും പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് മറ്റ് ഫണ്ടുകളൊന്നും ലഭ്യമല്ലെന്നിരിക്കെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് റോഡുകൾ ടൈൽ പാകുന്നത്

ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പുനരുദ്ധരിക്കുന്നതിന് ഉണ്ടാകുന്ന തടസ്സങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ചെയ്തിരുന്ന പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേകാനുമതി വാങ്ങിയാൽ മാത്രമേ ഭരണാനുമതി ലഭിക്കൂ എന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് പുനപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ</u>**

490 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികളിൽ 2021-2022, 2022-2023, 2023-2024 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുകയെത്ര എന്ന് വിശദമാക്കാമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ്</u>**

491 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സേവിംഗ്സിൽ നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുവാൻ സാധിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**<u>പ്രാദേശിക വികസന ഫണ്ട് വിനിയോഗ നടപടികളിൽ ഇളവ്</u>**

492 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്.) വിനിയോഗിച്ച് നടത്തുന്ന 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് 2023 മാർച്ച് വരെ അനുവദിച്ചിരുന്ന ടെണ്ടർ നടപടികളിലെ ഇളവ് നിലവിലുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തിൽ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ നടപടി ഒഴിവാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

**<u>എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടുകളുടെ വിനിയോഗത്തിൽ കാലോചിതമായ മാറ്റം</u>**

493 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്

എന്നിവയുടെ വിനിയോഗത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സാമാജികരിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## എം.എൽ.എ. മാരുടെ പ്രാദേശിക ആസ്തി വികസന ഫണ്ട്

494 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രാദേശിക ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ

495 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 2022-23, 2023-24 വർഷങ്ങളിൽ മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാമാണെന്നും ഇനി ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾക്ക് ആയത് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം കൂടാതെ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തി

496 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 2022 -23 വർഷത്തെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി പ്രൊപ്പോസൽ നൽകിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ ( നമ്പർ E-8221756 /M -Fin/2024) സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി കൂടുതൽ സമയം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നതിന് വേഗത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം അറിയിക്കാമോ?

**<u>കോവിഡ് കാലത്ത് ആസ്തി വികസന നിധിയിൽ നിന്ന് കുറവ് വരുത്തിയ തുക</u>**

497 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് എം.എൽ.എ. മാരുടെ ആസ്തി വികസന നിധിയിൽ വരുത്തിയ കുറവ് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര തുകയാണ് കുറവ് വരുത്തിയതെന്ന് മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഇതിനകം പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വിനിയോഗിച്ചതെന്നും മണ്ഡലം തിരിച്ച വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും ഇനി തുക വിനിയോഗിക്കാൻ സാധ്യത ഉണ്ടോയെന്നും മണ്ഡലം തിരിച്ച വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇനി ചെലവഴിക്കാൻ സാധ്യത ഇല്ലെങ്കിലും തുക എം.എൽ.എ. മാരുടെ ആസ്തി വികസന നിധിയിലേക്ക് തിരിച്ച നൽകുമോ എന്ന് വ്യക്തമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ</u>**

498 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവുകളിൽ ഭരണാനുമതി ലഭിച്ച, വർക്കല മണ്ഡലത്തിലെ എം.എൽ.എ ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ?

**<u>കോതമംഗലം - പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനം</u>**

499 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന കോതമംഗലം - പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള 2625007/എൻ.സി-ബി3/199/2023-ധന നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>എം. എൽ .എ മാരുടെയും എം .പി മാരുടെയും ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്ന നടപടി</u>

500 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെയും എം.പി. മാരുടെയും ഫണ്ടുകൾ വിനിയോഗിച്ച് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സർക്കാർ വിദ്യാലയങ്ങൾക്കും കോളേജുകൾക്കും വാഹനം വാങ്ങിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ വാങ്ങിയത് ( ടെണ്ടർ , ജെം മുഖേന) ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ വാഹന കമ്പനികൾക്ക് നൽകാനുള്ള തുക ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) കുടിശ്ശികയുള്ളതിനാൽ എം.എൽ.എ. മാർ പ്രപ്പോസൽ ചെയ്ത പുതിയ പദ്ധതികളിൽ നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടും വിദ്യാലയങ്ങൾക്ക് വാഹന കമ്പനികൾ വാഹനം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി ഒരു നിശ്ചിത തുക അഡ്വാൻസ് നൽകി വിദ്യാലയങ്ങൾക്ക് വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക നേടിയെടുക്കാൻ കേസ്</u>

501 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക നേടിയെടുക്കാൻ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് നല്കിയിരുന്നോയെന്നും എങ്കിൽ പ്രസ്തുത കേസിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി 57,000 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് ലഭിക്കാനുണ്ട് എന്ന് സുപ്രീം കോടതി മുൻപാകെ സർക്കാർ കേസ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം</u>

502 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -17 മുതൽ 2023-24 വരെയുള്ള കാലയളവിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള തുക അറിയിക്കാമോ; പ്രസ്തുത കാലയളവിൽ ലഭിച്ച

കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിലെ നികുതി/നികുതിയേതര വരുമാനം, എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ലഭിച്ച തുക എന്നിവയുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകാത്ത കേന്ദ്ര നിലപാട് തിരുത്താൻ നടപടി

503 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകാത്ത കേന്ദ്ര നിലപാടിനെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സമാന സാഹചര്യം നേരിടുന്ന മറ്റു സംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ബ്രാൻഡിങ് നടപ്പാക്കാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം

504 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള ബ്രാൻഡിങ് നടപ്പാക്കാത്തതുമൂലവും ലേബലുകൾ പതിപ്പിക്കാത്തതുമൂലവും വിവിധ പദ്ധതികൾക്കായി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ പദ്ധതികളിലായി ആകെ എത്ര രൂപയാണ് സംസ്ഥാനത്തിന് ഇതിനോടകം നഷ്ടമായതെന്നും പദ്ധതികളുടെ പേരും ഓരോ പദ്ധതിക്കും നഷ്ടമായ തുകയും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വിഹിതങ്ങൾ നഷ്ടപ്പെട്ട ഓരോ പദ്ധതിയുടെയും ആകെ പദ്ധതി ചെലവും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും മറ്റു തരത്തിലുള്ള ഏതെങ്കിലും വിഹിതങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തുകകൾ സംബന്ധിച്ച കാര്യം, കേന്ദ്ര വിഹിതവുമായി ബന്ധപ്പെട്ട് സംസ്ഥാനം സുപ്രീംകോടതിയിൽ സമർപ്പിച്ച കേസിനോടൊപ്പമോ അല്ലാതെയോ ഉന്നയിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഉന്നയിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കടമെടുപ്പ് പരിധിയിൽ നിയന്ത്രണം

505 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽ നിന്നും നിലവിൽ ലഭിക്കാനുള്ള ആകെ തുക എത്രയാണെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെതിരായി സുപ്രീംകോടതിയെ സമീപിച്ച കേസിൽ നൽകിയ സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ട് എന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്നും ഏതൊക്കെ ഇനത്തിലാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സുപ്രീംകോടതിയിലെ കേസിനെ തുടർന്ന് ഇതിൽ എത്ര കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പൊതുകടത്തിന്റെ പരിധി സംബന്ധിച്ച ഭരണഘടനാ പ്രശ്നം

506 **ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലും പങ്കാളിത്തത്തിലുമുള്ള സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (3)ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ വരുമോയെന്ന പ്രശ്നം സംസ്ഥാനം സുപ്രീം കോടതിയിൽ ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വായ്പയെടുക്കുന്നതിനുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കുമേൽ കേന്ദ്രം ചെലുത്തുന്ന നിയന്ത്രണാധികാരങ്ങൾ വിശദമായി പരിഗണിക്കുന്നതിന് ഭരണഘടനാ ബെഞ്ചിന് സുപ്രീം കോടതി റഫർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം ഭരണഘടനാ ബെഞ്ചിന് റഫർ ചെയ്യപ്പെട്ടത് ധനകാര്യ ഫെഡറൽ ബന്ധങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ പോരാട്ടത്തിനുള്ള പ്രധാനപ്പെട്ട അംഗീകാരമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭാവിയിൽ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്താൻപോന്ന ഒന്നായി ഭരണഘടനാ ബെഞ്ചിന്റെ പരിശോധന മാറുമെന്ന വിലയിരുത്തലുണ്ടോ ; വിശദമാക്കാമോ?

## നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജിന്റെ നിർമ്മാണം

507 **ശ്രീ. പി. വി. അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റോഡ് അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിന്റെ കരാർ തുക എത്രയാണെന്നും ഇതിൽ എത്രയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ആർ.ഡി.സി.എൽ. കരാറുകാരന് ഇതുവരെ എത്ര തുകയാണെന്ന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത തുകയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം കെ.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് കെ.ആർ.ഡി.സി.എൽ. നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പദ്ധതിയുടെ ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയ്ക്കായി റെയിൽവേ ഗേറ്റ് അടച്ചിട്ടതിനാൽ ട്രാഫിക് ഡിവേർഷൻ മൂലം ട്രെയിൻ യാത്രികർക്കും പ്രദേശവാസികൾക്കും ഉണ്ടാകുന്ന ദുരിതം ഒഴിവാക്കുവാൻ പ്രസ്തുത ബ്രിഡ്ജിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ എന്ന് വ്യക്തമാക്കാമോ?

## ലോകബാങ്കിൽ നിന്നും വായ്പകൾ

508 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലോകബാങ്കിൽ നിന്നും പുനർവായ്പകൾ ലഭിക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) അവസാനമായി ലോകബാങ്കിൽ നിന്നും ലഭിച്ച വായ്പയുടെ വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത തുക എന്താവശ്യത്തിനായാണ് എടുത്തതെന്നും, ചെലവഴിച്ചത് എന്തിനൊക്കെയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത വായ്പകളുടെ ക്രമപ്പെടുത്തലുകൾ സംബന്ധിച്ച വിവരങ്ങൾ ലോകബാങ്കിന് നൽകിയിട്ടുണ്ടോ; പുനർ വായ്പകൾ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും

509 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രതിവർഷം നൽകുന്ന ശമ്പളം എത്രയെന്നും, പെൻഷൻ ഇനത്തിൽ നൽകുന്ന തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രതിമാസം 50,000 രൂപയ്ക്ക് മുകളിൽ ശമ്പളം കൈപ്പറ്റുന്ന സർക്കാർ ജീവനക്കാരുടേയും, 50,000 രൂപയ്ക്ക് മുകളിൽ പെൻഷൻ കൈപ്പറ്റുന്നവരുടേയും എണ്ണം ലഭ്യമാക്കാമോ?

## ജീവനക്കാരുടെ ശമ്പളം മുടങ്ങിയതും ക്ഷാമബത്ത കുടിശ്ശികയും

510 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള തീയതികളിൽ ശമ്പളം

വിതരണം ചെയ്യാൻ കഴിയാതെ പോയ സ്ഥിതിവിശേഷം ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ സ്ഥിതിവിശേഷം ആവർത്തിയ്ക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഒടുവിലായി എത്ര ശതമാനം ക്ഷാമബത്തയാണ് നൽകിയത്; ഇനി എത്ര ശതമാനം ക്ഷാമബത്തയാണ് കുടിശ്ശികയുള്ളത്; ഏറ്റവും ഒടുവിലായി പ്രഖ്യാപിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏതെല്ലാം ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്; മറ്റ് ജിവനക്കാർക്ക് ഏറ്റവും ഒടുവിലായി പ്രഖ്യാപിച്ച ക്ഷാമബത്തയുടെ ഏത് തീയതി മുതലുള്ള കുടിശ്ശികയ്ക്കാണ് അർഹതയുള്ളത്; അത് എപ്പോൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(സി) സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്തയുടെ കുടിശ്ശിക വിവേചനപരമായി വിതരണം ചെയ്യാനിടയായത് ഏത് സാഹചര്യത്തിലാണ്; എല്ലാ വിഭാഗം ജീവനക്കാർക്കും അർഹതപ്പെട്ട കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

511 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് സർക്കാരിന് നിവേദനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കാൻ നടപടി

512 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ എൻലിസ്റ്റ് ചെയ്ത ആശുപത്രികളിൽ ചികിത്സ തേടിയ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സാ ആനുകൂല്യം നൽകാതെ ഇൻഷുറൻസ് കമ്പനി നിരസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിസെപ്പ് ആനുകൂല്യം നൽകിവന്നിരുന്ന പല ആശുപത്രികളും ഇപ്പോൾ ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; അത്തരത്തിലുള്ള ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏതെങ്കിലും ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയോ സസ്പെൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് അർഹമായ

മുഴുവൻ ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടക്കേണ്ട സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള ചികിത്സ അനുകൂല്യങ്ങൾ നൽകുന്നത് തൽക്കാലം നിർത്തി വെയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് ഏതെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) മെഡിസെപ്പ് പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കിവരുന്ന പ്രീമിയം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(ജി) ഒ.പി.യിലെ പരിശോധനയെ തുടർന്ന് അഡ്മിറ്റാകേണ്ടി വരുന്ന ആളിന് അഡ്മിറ്റാകുന്നതിന് മുൻപു വരെ ഒ.പി.യിൽ നടത്തിയ ചികിൽസയ്ക്ക് മെഡിസെപ്പ് ആനുകൂല്യത്തിന് അർഹതയുണ്ടോ; വിശദമാക്കുമോ; അഡ്മിറ്റാകുന്ന ആളിന് ഡിസ്ചാർജിന് ശേഷം തുടർ ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ ജോലിക്കാർക്ക് അവധി ആനുകൂല്യങ്ങൾ നൽകാൻ നടപടി</u>

513 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിയമന കരാർ വ്യവസ്ഥകളിൽ അവധി ആനുകൂല്യങ്ങൾക്ക് കെ.എസ്.ആർ. ബാധകമായിട്ടുള്ളതുമായ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം I, അനുബന്ധം VIII, റൂൾ (3) പ്രകാരം അർഹതപ്പെട്ട അവധി ആനുകൂല്യങ്ങൾ ധനവകുപ്പ് നല്കാൻ നടപടി ഉണ്ടാകുമോ; അത് അടിയന്തിരമായി നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യ നിയമനം ഒരു വർഷത്തേക്കും പിന്നീട് സർവീസ് ബ്രേക്ക് ഇല്ലാതെ ഓരോ വർഷം വീതം കരാർ നിയമന കാലാവധി ദീർഘിപ്പിച്ച് അഞ്ചു വർഷ സേവന കാലം കഴിഞ്ഞ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം I, അനുബന്ധം VIII, റൂൾ (3) പ്രകാരം ഏതൊക്കെ അവധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടെന്നു വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

514 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണം നടത്തുന്നതിന് പന്ത്രണ്ടാമത് ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പന്ത്രണ്ടാമത് ശമ്പള പരിഷ്കരണം ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) പതിനൊന്നാമത് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമാക്കേണ്ട കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പതിനൊന്നാമത് ശമ്പള പരിഷ്കരണ കുടിശിക അനിശ്ചിതമായി വൈകുന്നതിനാൽ ആയതിന്റെ നഷ്ട പരിഹാരം ജീവനക്കാർക്കും അധ്യാപകർക്കും നൽകുമോയെന്ന് വ്യക്തമാക്കുമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

515 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരമായി പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ സർക്കാർ ജീവനക്കാരെയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പദ്ധതി</u>

516 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിനും പഴയ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## <u>ഡി.എ കുടിശിക</u>

517 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എത്ര തവണ ഡി.എ. കുടിശിക അനുവദിച്ചിട്ടുണ്ട്; എത്ര ശതമാനം ഡി.എ.യാണ് ഇപ്രകാരം അനുവദിച്ചത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2021 ജനുവരി ഒന്നു മുതൽ 2024 ജനുവരി ഒന്നു വരെ സർക്കാർ ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ.വർദ്ധനവിന് അർഹതയുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) 2024 ജനുവരി മുതൽ 2% ഡി.എ. അനുവദിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയപ്പോൾ 2021 ജനുവരി മുതലുള്ള മുൻകാല പ്രാബല്യം നൽകാതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(ഡി) പ്രഖ്യാപിക്കാത്ത ഡി.എ. ജീവനക്കാരുടെ അവകാശമല്ല എന്ന് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഡി.എ കുടിശികയ്ക്ക് മുൻകാല പ്രാബല്യം നൽകാതെ 2021 ജനുവരി മുതലുള്ള മൂന്നു വർഷക്കാലയളവിലെ 20% ഡി.എ.യും റദ്ദാക്കിയ സമീപനം തിരുത്തുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

## മെഡിസെപ്പ് പദ്ധതി വഴി നൽകിയ ഇൻഷ്വറൻസ് ക്ലെയിം

518 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ് ചികിൽസാ ഇൻഷ്വറൻസ് പദ്ധതി വഴി ഇതുവരെ എത്ര രൂപയാണ് മെഡിക്കൽ ഇൻഷ്വറൻസ് ക്ലെയിം ആയി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മെഡിസെപ്പ് പദ്ധതി

519 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും പെൻഷൻകാരുടെയും 2024-25 വർഷത്തെ മെഡിസെപ്പ് ഇൻഷ്വറൻസ് ഐ.ഡി. കാർഡ് നിലവിൽ ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിൽ അനുവദിച്ച കാർഡിന്റെ കാലാവധി 2024 മാർച്ചിൽ അവസാനിച്ചതിനാൽ 2024 ഏപ്രിൽ 1 മുതലുള്ള സേവനത്തിന് തടസ്സം ഉണ്ടാകുമോ; ഇതു മറികടക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ആശുപത്രികളും കൂടുതൽ ചികിത്സാ വിഭാഗങ്ങളും ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; കഴിഞ്ഞ സാമ്പത്തിക വർഷം ആശുപത്രികൾ നൽകിയ ക്ലെയിമുകൾ മുഴുവൻ നൽകുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സർക്കാർ വകുപ്പുകളിൽ വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ

520 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള വിദേശയാത്ര, വിമാനയാത്ര, വാഹനം വാങ്ങൽ, കെട്ടിടങ്ങൾ മോടി പിടിപ്പിക്കൽ മുതലായ ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ വകുപ്പുകളിൽ വാങ്ങിയ വാഹനങ്ങൾ എത്രയാണെന്നും അവയുടെ ഇനവും വകുപ്പ് തിരിച്ചുള്ള വിശദവിവരം നൽകാമോ; അതിനായി ചെലവഴിച്ച തുകയുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ബജറ്റ് വിഹിതം</u>**

521 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ,ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയ പ്രാദേശിക സർക്കാറുകൾക്ക് എത്ര രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് എന്ന് സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം എത്ര തവണകളായി ഏതെല്ലാം മാസങ്ങളിലാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് 2024 മാർച്ച് മാസം ബജറ്റ് വിഹിതമായി ഏതെങ്കിലും ഗഡു അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമൂലം പദ്ധതി ചെലവുകൾ നിർവഹിക്കാനാവാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണം കാരണം ട്രഷറിയിൽ ബില്ല് മാറാൻ സാധിക്കാത്തത് മൂലവും മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ അവസാന തവണ ലഭിക്കാത്തതിനാലും ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടികൾ</u>**

522 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചെലവ് ചുരുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് 46 ലക്ഷം രൂപ ചെലവിൽ പഞ്ചനക്ഷത്ര ഹോട്ടലിൽ പരിശീലനം നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) ധൂർത്തും പാഴ് ചെലവുകളും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയ തുക</u>**

523 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; ആകെ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ വിവിധ സംഘടനകൾക്ക് ഗ്രാന്റ്

524 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സംഘടനകൾക്ക് ഗ്രാന്റ് ഇനത്തിൽ നൽകിയ തുക, സംഘടനയുടെ പേര്, ഏതു വകുപ്പ് മുഖേനയാണ് തുക നൽകിയത്, എത്ര തുക അനുവദിച്ചു എന്നിങ്ങനെ പട്ടിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഗ്രാന്റ് അനുവദിച്ചിട്ടും തുക കൈപ്പറ്റാത്ത സംഘടനകളുടെ വിവരവും ലഭ്യമാക്കാമോ?

## കൊടകര ബ്ലോക്ക് പഞ്ചായത്തിൽ "പെൺ തൊഴിലിടം" പദ്ധതി

525 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ച മാതൃകാ പദ്ധതിയായ "പെൺ തൊഴിലിടം" പദ്ധതി( ഷി വർക്ക് സ്പേസ്)യ്ക്ക് 1 കോടി രൂപ അനുവദിച്ചതായി 2021-22 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പൂർത്തീകരണത്തിന് പ്രസ്തുത ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഷീ വർക്ക് സ്പേസ് പദ്ധതിക്ക് ഏതെല്ലാം ഫണ്ടുകൾ ലഭ്യമാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ നാട്ടുകൽ തള്ളച്ചിറ റോഡ് നിർമ്മാണം

526 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ നാട്ടുകൽ തള്ളച്ചിറ റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടും എന്തുകൊണ്ടാണ് ഭരണാനുമതി ലഭിക്കാൻ ഇത്രയും കാലതാമസം വരുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ

527 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കോവളം മണ്ഡലത്തിലെ പ്രവൃത്തികൾ

528 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ കഴിഞ്ഞ 3 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ച പ്രവൃത്തികൾ ഏതൊക്കെ എന്നറിയിക്കുമോ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലക്കനുവദിച്ച ബജറ്റ് വിഹിതം

529 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷങ്ങളിൽ സംസ്ഥാന ബജറ്റിലും അല്ലാതെയും കാസർഗോഡ് ജില്ലക്കനുവദിച്ച ഫണ്ട് എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന് ധനകാര്യ വകുപ്പ് മുഖേന അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ എന്നും എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) കിഫ്ബിയിൽ നിന്ന് കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന് തുക അനുവദിച്ച സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകക്കുള്ള സാമ്പത്തികാനുമതി എപ്പോഴാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ഇ) ആയതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ;

(എഫ്) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ബജറ്റ് പ്രവൃത്തികൾ

530 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചതും 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതുമായ കുന്നത്തുനാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) അവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഭരണാനുമതി നൽകുവാൻ വൈകുന്നതിന്റെ കാരണവും വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക

531 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക വിനിയോഗിക്കുന്നതിനാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവയിൽ അനുവദിച്ചതും അനുവദിക്കാനുള്ളതുമായ ആകെ തുകയുടെ വിശദാംശം നൽകാമോ;

(ബി) 2023 ഒക്ടോബർ മാസം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ മാറുന്നതിന് ധനവകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ;

(സി) മുൻ സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് എപ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്ക് നീക്കി വച്ച തുകയും ചെലവും

532 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയുള്ള ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും ശതമാനവും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പൊതു ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി

533 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഭരണാനുമതി നൽകാൻ കഴിയാത്തതെന്നും വിശദമാക്കാമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തി

534 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബജറ്റിൽ 20% തുക വകയിരുത്തിയ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ, ഭരണാനുമതി ലഭിക്കാത്തവ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിക്കുള്ള കേന്ദ്ര സഹായം

535 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര വിഹിതം കുടിശ്ശികയില്ലാതെ വിതരണം ചെയ്തു വരുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്;

(സി) കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക കൂടി സംസ്ഥാന സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം

536 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിക്ക് നൽകേണ്ട തുകയിൽ സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായി കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായാണോ വ്യവസ്ഥ ചെയ്യുന്നത് എന്നു വിശദമാക്കുമോ;

(ഡി) സാമൂഹിക സുരക്ഷാ പെൻഷനുകളുടെ കുടിശിക തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സാമൂഹ്യസുരക്ഷ പെൻഷൻ

537 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം സാമൂഹ്യസുരക്ഷ പെൻഷൻ നൽകുന്നതിന് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്നും എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനസർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ട്; വിശദമാക്കാമോ?

**സാമൂഹ്യ സുരക്ഷാ സെസ് വഴി പിരിഞ്ഞു കിട്ടിയ തുക**

538 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 മുതൽ നാളിതുവരെ മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തുക സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ?

**സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി**

539 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്നും മുടങ്ങാൻ ഉണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര മാസത്തെ തുക കുടിശിക ഉണ്ട്; എങ്കിൽ പ്രസ്തുത പെൻഷൻ കുടിശിക എന്നത്തേക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മാർഗത്തിലൂടെയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത്; സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി പെട്രോളിനും ഡീസലിനും മദ്യത്തിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സെസ്സ് മുഖേന എത്ര തുക ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക ഇല്ലാതെ എല്ലാ മാസവും കൃത്യമായി നല്കും എന്നു പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അത്തരത്തിൽ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക ഇല്ലാതെ എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**സാമൂഹിക സുരക്ഷാ പെൻഷൻ ഏകീകരണം**

540 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ഈ നടപടി മൂലം നിയമപരമായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച വ്യക്തികൾക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ക്ഷേമനിധി പെൻഷനുകൾ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തുന്നതു നിയമപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി</u>

541 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക എന്നത്തേക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അവസരം</u>

542 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാൻ സാധിക്കാത്തതിനാൽ വിവിധ തൊഴിലാളി ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർക്ക് പെൻഷൻ ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആളുകൾക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

## സാമൂഹിക സുരക്ഷാ സെസ്സ്

543 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(സി) സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം സാമൂഹിക സുരക്ഷാ പെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതിന് കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹിക സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് നിലവിൽ എത്രമാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ

544 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി ഏതൊക്കെ സെസുകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം നൽകുമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ് ഏർപ്പെടുത്തിയതിനു ശേഷം നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ?

## റബ്ബർ കർഷകർക്ക് സബ്സിഡി

545 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ റബ്ബർ കർഷകർക്ക് സബ്സിഡി ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## കോഴിക്കോട് പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

546 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് സമർപ്പിച്ചത്; പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) അനുമതി നൽകിയിട്ടില്ലെങ്കിൽ അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ</u>**

547 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കാവശ്യമായ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) റോഡിനായി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളോ മറ്റോ പൊളിക്കേണ്ടതുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ആയതിലേക്കായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നു വ്യക്തമാക്കാമോ;

(സി) റോഡിനായി ഏറ്റെടുക്കേണ്ട സ്വകാര്യ വ്യക്തികളുടെ ഭൂമി എത്രയുണ്ട് ; ഏതൊക്കെയെന്ന് വിശദമാക്കാമോ; നഷ്ടപരിഹാരമായി എത്ര തുക നൽകണമെന്ന് കണക്കാക്കിയിട്ടുണ്ടോ?

**<u>നികുതിയേതര വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയ പ്രവർത്തനങ്ങൾ</u>**

548 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായ വളർച്ചാനിരക്ക് വിശദമാക്കാമോ;

(ബി) നികുതിയേതര വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അവ എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് മറ്റു സംസ്ഥാനങ്ങളിലെ ജി.എസ്.ടി. വകുപ്പുകളുമായി സഹകരിച്ച് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ജി.എസ്.ടി. റിട്ടേണുകൾ വൈകി ഫയൽ ചെയ്യുന്നതും ഫയൽ ചെയ്യാതിരിക്കുന്നതുമായ കേസുകൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

**<u>ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ഫലമായുണ്ടായ ഗുണഫലങ്ങൾ</u>**

549 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിലെ പ്രതീക്ഷിത വരുമാനത്തിൽ കേന്ദ്ര സർക്കാർ വിഹിതം കുറഞ്ഞിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം ഇല്ലാതാക്കിയിട്ടും തനത് നികുതി വരുമാനം വർദ്ധിപ്പിച്ചും റവന്യൂ ചെലവ് കുറച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങൾ നിറവേറ്റുന്നതിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ഫലമായിട്ടുള്ള ഗുണഫലങ്ങൾ എന്തെല്ലാമാണ്;വ്യക്തമാക്കുമോ;

(ഡി) ഉത്സവകാല വിപണിവില നിയന്ത്രിക്കുന്നതിനായി നീക്കിവച്ച തുകയുടെ വിശദാംശം നൽകുമോ?

## <u>സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

550 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാലയളവിൽ നികുതിയേതര വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ പൂർണ്ണമായും സംസ്ഥാനത്തിന് ലഭ്യമാകാത്ത തരത്തിൽ അർഹമായ ഗ്രാന്റുകൾ നിഷേധിച്ചും നികുതി വിഹിതവും കടമെടുപ്പ് പരിധിയും വെട്ടിക്കുറച്ചുമുള്ള കേന്ദ്ര സർക്കാർ വിവേചനത്തിനെതിരെ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദീകരിക്കാമോ?

## <u>സംസ്ഥാനത്തിന്റെ തനതു വരുമാന സ്രോതസ് ശക്തമാക്കുന്നതിന് നടപടി</u>

551 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനതു വരുമാന സ്രോതസ്സുകൾ ശക്തമാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിൽ പ്രതിശീർഷ വരുമാനത്തിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കുടിശികയാണ് കേന്ദ്രം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ചരക്ക് സേവന നികുതി വെട്ടിപ്പ്</u>

552 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചരക്ക് സേവന നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ജി.എസ്.ടി. വകുപ്പ് എത്ര കേസ് എടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കേസുകളുടെ ഭാഗമായി എത്ര രൂപ പിരിച്ചെടുക്കുവാൻ സാധിച്ചു; വിശദാംശം നൽകാമോ;

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റ് സംസ്ഥാന എജൻസികളുമായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) രണ്ടര കോടി രൂപ മുടക്കി കൊണ്ട് വന്ന ലക്കി ബിൽ ആപ്പിന്റെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത ആപ്പ് മുഖേന എത്ര നറുക്കെടുപ്പ് നടത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## പൊതു കടം

553 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നുവെന്നും നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്നും വ്യകതമാക്കാമോ;

(ബി) 2016 മാർച്ച് 31-ന് സംസ്ഥാനത്തെ ആളോഹരി കടം എത്രയായിരുന്നുവെന്നും നിലവിൽ സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ പൊതു കടത്തിലും ആളോഹരി കടത്തിലും ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

## ധന അച്ചടക്ക നിയന്ത്രണം

554 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന അച്ചടക്ക നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണ് വായ്പയായി എടുക്കാൻ അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ വിശദമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സാമ്പത്തിക നില തകരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള നിർദ്ദേശങ്ങൾ

555 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചന നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി വിവിധ വകുപ്പ് സെക്രട്ടറിമാർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ സർക്കാർ അംഗീകരിച്ചവ ഏതെല്ലാമാണ്; വിശദമാക്കുമോ?

## സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ ഘടകങ്ങൾ

556 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റിൽ സംഭവിച്ച വീഴ്ച പരിഹരിക്കുവാനും സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുവാനും ധവളപത്രം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാനും സാമ്പത്തിക തകർച്ചയ്ക്ക് കാരണമായിട്ടുള്ളതുമായ ഘടകങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് കെട്ടിടം

557 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്വന്തം സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് മുൻപ് ലഭ്യമാക്കിയ ഭരണാനുമതി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

## എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം

558 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് ലഭിച്ച നിവേദനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

(സി) എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫിന് എന്ന് മുതൽ വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) ദിവസ വേതനക്കാരേക്കാൾ കുറഞ്ഞ വേതനമാണ് ഇവർക്ക് ലഭിക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിച്ച് എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫിന് മെച്ചപ്പെട്ട വേതനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) എം.എൽ.എ മാരുടെ കൂടെ പ്രവർത്തിക്കുന്ന ഡ്രൈവർ ഉൾപ്പെടെയുള്ള അഡീഷണൽ സ്റ്റാഫിന് മാതൃകാപരമായ വേതന വർദ്ധനവ് നൽകാൻ നടപടി സ്വീകരിക്കുമോ?

**മാനന്തവാടി മണ്ഡലത്തിലെ അഞ്ചാം പീടിക-പുതുശ്ശേരി റോഡ് നിർമ്മാണം**

559 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ അഞ്ചാം പീടിക - പുതുശ്ശേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം നിലവിലെ അവസ്ഥയിൽ അവസാനിപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസവാദങ്ങൾ ധനകാര്യ വകുപ്പിന് ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്**

560 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറികളിൽ നിക്ഷേപിക്കണമെന്ന സർക്കാർ നിർദേശം തദ്ദേശ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദേശം പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദേശം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതുമായി ബന്ധപ്പെട്ട ഭരണ പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**നന്നമ്പ്ര പഞ്ചായത്ത് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി**

561 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ പാർട്ട് ബിൽ തുക ലഭ്യമാക്കാത്തതിനാൽ പ്രവൃത്തിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്രവിഹിതം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അത് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബിൽ തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

## കെ ഫോൺ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും വായ്പ

562 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന്റെ ചെലവ് ബജറ്റ് വിഹിതമായി നൽകുമെന്ന പ്രഖ്യാപനം പാലിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഈ ഇനത്തിൽ കൈമാറിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കെ ഫോൺ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് വായ്പ നൽകിയിട്ടുള്ളത് ;എത്ര ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകിയിട്ടുള്ളത് ; തിരിച്ചടവിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എന്നുമുതലാണ് വായ്പ തിരിച്ചടച്ചു തുടങ്ങേണ്ടത് ;വായ്പ തിരിച്ചടവിന് ഇളവ് നൽകിയിട്ടുണ്ടോ; തിരിച്ചടവ് മുടങ്ങിയാൽ ഏത് രീതിയിൽ തുക ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്; എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

563 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

564 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച റോഡ് വികസന പ്രവൃത്തികളും നിലവിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നത്തുകല്ല് - അടിമാലി റോഡ്, ളുക്കപാലം - പ്രകാശ്ഗ്രാം - കട്ടപ്പന റോഡ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ താമസിക്കുന്നതിന്റെ സാഹചര്യം വിശദമാക്കാമോ;

(സി) ശാന്തിഗ്രാം - ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയാണ്; കെട്ടിട നിർമ്മാണം ആരംഭിക്കാൻ താമസിക്കുന്നതിന്റെ സാഹചര്യം വിശദമാക്കാമോ?

## എഴുത്തോമ്പാറ, ഓടനൂർ പാലങ്ങളുടെ നിർമ്മാണം

565 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച് കെ.ആർ.എഫ്.ബി.(കേരള റോഡ് ഫണ്ട് ബോർഡ്) നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ, ഓടനൂർ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

566 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേനയുള്ള കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

567 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കിളിമാനൂർ മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി

568 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിലെ കിളിമാനൂർ മത്സ്യ മാർക്കറ്റ് നവീകരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

**കായപ്പനച്ചി–കുന്നംചിറ–എടച്ചേരി (പുതിയങ്ങാടി) റോഡിന് ഭരണാനുമതി**

569 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കായപ്പനച്ചി–കുന്നംചിറ–എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**പെരിഞ്ചേരി കടവ് റഗുലേറ്റർ കം ബ്രിഡ്ജ്**

570 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചേരി കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി പൂർണ്ണമായും നിലച്ചത് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കിഫ്ബി ആസ്ഥാനത്ത് നടന്ന ചർച്ചയിലെടുത്ത തീരുമാനം അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണം**

571 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം ബൈപ്പാസുമായി ബന്ധപ്പെട്ട് കോടതിയിൽ നിന്നും എന്തെങ്കിലും സ്റ്റേ നിലനിൽക്കുന്നുണ്ടോ; ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ**

572 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

## ടേൺ ഓവർ ടാക്സ്

573 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വില്പന നികുതി അഥവാ ടേൺ ഓവർ ടാക്സ് എങ്ങനെയാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ബാറുകൾ തയ്യാറാക്കി നൽകുന്ന കണക്കുകൾ അംഗീകരിച്ചാണ് 2017-ന് ശേഷം ടേൺ ഓവർ ടാക്സ് നിർണ്ണയം നടത്തുന്നത് എന്നത് വസ്തുതയാണോ;

(സി) നിലവിൽ ഭൂരിഭാഗം ബാർ ഹോട്ടലുകളും നികുതി റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമല്ലാത്തതു മൂലം സംസ്ഥാനത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

574 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം നികുതി വരുമാനം എത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ഓപ്പറേഷൻ പാം ട്രീ

575 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ സംസ്ഥാനത്തെ ആക്രി കച്ചവടകേന്ദ്രങ്ങളിൽ ജി.എസ്.ടി. വകുപ്പ് നടത്തിയ റെയ്ഡിൽ വ്യാജ രജിസ്ട്രേഷനിലൂടെ നികുതി വെട്ടിച്ച് എത്ര കോടി രൂപയുടെ വ്യാജ ഇടപാടുകൾ നടത്തിയെന്നാണ് കണ്ടെത്തിയത്;

(ബി) ഇത്തരത്തിൽ നടന്ന പരിശോധനയിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നടന്ന പരിശോധനയിൽ എത്ര വ്യാജ രജിസ്ട്രേഷനുകൾ കണ്ടെത്തിയെന്നും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരിശോധന

നടന്നോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള പരിശോധനകൾ സംസ്ഥാനത്ത് വ്യാപകമായി നടത്തി സർക്കാരിന് ലഭിക്കേണ്ട നികുതിപ്പണം പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**<u>ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾ</u>**

576 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ വീട്ടുജോലി, ഹോം നഴ്സ് തുടങ്ങിയവയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്ന ചില സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാതിരിക്കുന്നതും ജി.എസ്.ടി., സർവ്വീസ് ടാക്സ് എന്നിവ അടയ്ക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ജി.എസ്.ടി. വരുമാന വളർച്ച</u>**

577 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാനത്തെ ജി.എസ്.ടി. വരുമാന വളർച്ച എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2023-24-ൽ ജി.എസ്.ടി. ഇതര പെട്രോൾ/ഡീസൽ ഇനത്തിലെ നികുതി വരുമാന വളർച്ച എത്രയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 2023-24-ലെ നികുതി വളർച്ച എത്രയാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നുള്ള ടേൺഓവർ ടാക്സ് വരുമാനം ജില്ല തിരിച്ച് അറിയിക്കാമോ; ടേൺഓവർ ടാക്സ് വരുമാന വളർച്ച എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ?

**<u>ജി.എസ്.റ്റി. നികുതി നിർണ്ണയം</u>**

578 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ജി.എസ്.റ്റി. നികുതി നിർണ്ണയം പൂർത്തീകരിച്ചപ്പോൾ നികുതിയെക്കാൾ കൂടുതൽ പിഴയും പലിശയും നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ തടസ്സങ്ങൾ, പുതിയ സ്കീമിനെ കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ എന്നിവ കാരണമുണ്ടായ കാലതാമസങ്ങളാൽ ഉണ്ടായിട്ടുള്ള പിഴ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) 16(4) വകുപ്പ് പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കാത്ത വ്യാപാരികൾക്ക് ആയത് നഷ്ടപ്പെടാതെ ഉപയോഗിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാസർഗോഡ് ബേക്കൽ ബീച്ച് ഫെസ്റ്റ്

579 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബേക്കൽ ബീച്ച് ഫെസ്റ്റ് രണ്ടാം എഡിഷനിൽ ജി.എസ്.ടി. ചുമത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) 2022 ഡിസംബർ 24 മുതൽ 2023 ജനുവരി 2 വരെ നടന്ന ബേക്കൽ ബീച്ച് ഫെസ്റ്റിവൽ ഒന്നാം എഡിഷന് എത്ര രൂപയാണ് ജി.എസ്.ടി. ആയി സംഘാടക സമിതി അടക്കേണ്ടത്; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ സംഘാടക സമിതിക്ക് എതിരെ വകുപ്പ് നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ജി.എസ് .ടി. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പഞ്ചനക്ഷത്ര ഹോട്ടലിൽ നടത്തിയ പരിശീലനം

580 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് ജി.എസ്.ടി. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പഞ്ചനക്ഷത്ര ഹോട്ടലിൽ ലക്ഷങ്ങൾ ചെലവഴിച്ച് പരിശീലനം സംഘടിപ്പിച്ചത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം പരിശീലനം സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത പരിശീലനത്തിന് താമസസൗകര്യവും ഭക്ഷണവും ഉൾപ്പെടെ ആകെ എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സാമ്പത്തിക അച്ചടക്കം ലംഘിച്ചുകൊണ്ട് ഈ രീതിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## ചരക്ക് സേവന നികുതി വകുപ്പിലെ സ്ഥലംമാറ്റം

581 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2017-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ ഓൺലൈൻ സ്ഥലംമാറ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ഈ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) 2017 ലെ പൊതുസ്ഥലംമാറ്റ ചട്ടങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റത്തിന് തനത്

വർഷം നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കും വിധമുള്ള സ്ഥലംമാറ്റ നടപടികൾ എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(സി) 2024 മെയ് 31 വരെ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ?

**ട്രഷറി നിയന്ത്രണം**

582 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം മുതൽ നാളിതുവരെ എത്ര തവണ ഓവർ ഡ്രാഫ്റ്റിൽ ആയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര തുകയ്ക്ക് മുകളിലുള്ള ബിൽ മാറുന്നതിനാണ് ട്രഷറികളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം മുതൽ നാളിതുവരെ എത്ര തവണ ഇപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോ തവണയും എത്ര തുകയ്ക്ക് മുകളിലുള്ള ബിൽ മാറുന്നതിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ട്രഷറി നിയന്ത്രണം എന്നത്തേക്ക് പൂർണമായി പിൻവലിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**ട്രഷറി നിയന്ത്രണം**

583 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം നിലവിലുണ്ടോയെന്നറിയിക്കാമോ;

(ബി) എങ്കിൽ എത്ര കാലത്തേക്കാണ് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ട്രഷറി നിയന്ത്രണം മൂലം തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ താളം തെറ്റിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ട്രഷറി നിയന്ത്രണം മൂലം തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ ഇത് മറികടക്കുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം**

584 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഏതൊക്കെ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായി എന്ന് അറിയിക്കുമോ; 2024 മാർച്ച് 1, 2, 3 തുടങ്ങിയ തീയതികളിൽ ശമ്പളം

ലഭിക്കേണ്ടിയിരുന്ന ജീവനക്കാർക്ക് ഏതൊക്കെ ദിവസങ്ങളിലാണ് ശമ്പളം വിതരണം ചെയ്യാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ ടി.എസ്.ബി. അക്കൗണ്ടുകളിലേക്ക് ശമ്പളം ക്രെഡിറ്റ് ചെയ്തതായി കാണിക്കുകയും എന്നാൽ ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 2024 മാർച്ച് 1, 2, 3 തുടങ്ങിയ തീയതികളിൽ ട്രഷറിയിൽ നിന്നും ശമ്പളയിനത്തിൽ വിതരണം ചെയ്യേണ്ടിയിരുന്ന ആകെ തുകയുടെ വിശദാംശവും വിതരണം ചെയ്ത ആകെ തുകയുടെ വിശദാംശവും ഇതേ ദിവസങ്ങളിൽ ജീവനക്കാരുടെ ടി.എസ് ബി. അക്കൗണ്ടുകളിൽ നിന്നും പിൻവലിക്കപ്പെട്ട ആകെ തുകയുടെ വിശദാംശവും വ്യക്തമാക്കുമോ?

## ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം

585 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ ട്രഷറികളുടെ കെട്ടിട നിർമ്മാണം

586 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ സബ് ട്രഷറിയ്ക്കായി ഷൊർണ്ണൂർ മുനിസിപ്പാലിറ്റി സ്ഥലം നൽകിയിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ചെർപ്പുളശ്ശേരി ട്രഷറിയുടെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ട്രഷറിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറി കെട്ടിടനിർമ്മാണം

587 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറി കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

## ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം

588 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സബ് ട്രഷറി കെട്ടിടത്തിന്റെ ശോച്യാവസ്ഥയും സ്ഥലപരിമിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## കുന്നംകുളം സബ് ട്രഷറി കെട്ടിട നിർമ്മാണം

589 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണവുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

## ട്രഷറികളിലെ കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപം

590 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ കാലാവധി കഴിഞ്ഞതും നിക്ഷേപകർ തിരികെ വരാത്തതുമായ സ്ഥിര നിക്ഷേപങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിക്ഷേപങ്ങളിൽ നിക്ഷേപകർ മരണപ്പെട്ടതും അവകാശികൾ ഇല്ലാത്തതുമായവയുടെ കണക്ക് പ്രത്യേകം ശേഖരിക്കുന്നതിനും അവ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനും വേണ്ട സംവിധാനം നിലവിലുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കാമോ?

## ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇടക്കാല ആശ്വാസം

591 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി നടത്തിപ്പിൽ സർക്കാർ സ്വീകരിച്ച് വരുന്ന നിലപാട് ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലോട്ടറി നടത്തിപ്പിന്റെ ഘടനയിലോ സമ്മാന തുകയുടെ ഘടനയിലോ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് ചാർജിലുണ്ടായ വർദ്ധനവും സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക സ്ഥിതിയും കാരണം പ്രസ്തുത മേഖലയിലെ ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇടക്കാല

ആശ്വാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**സംസ്ഥാന ലോട്ടറിയുടെ ആധുനികവൽക്കരണം**

592 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സംസ്ഥാന ലോട്ടറിയിലൂടെ സർക്കാരിന് നികുതിയിനത്തിൽ എത്ര തുക ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന ലോട്ടറിയെ ആധുനികവത്ക്കരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ ലോട്ടറികളുടെ നറുക്കെടുപ്പ് ഏറെ നേരം നീളുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ലോട്ടറി നറുക്കെടുപ്പ് വേഗത്തിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

**മെഡിസെപ് പദ്ധതി**

593 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയിലൂടെ നാളിതുവരെ എത്ര തുക പ്രീമിയം ആയി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയശേഷം നാളിതുവരെ എത്ര തുക ചികിത്സാ ക്ലെയിം ആയി അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**മെഡിസെപ് ഇൻഷുറൻസ് പദ്ധതി**

594 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കിയ മെഡിസെപ് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ എത്ര ജീവനക്കാർക്കും പെൻഷൻകാർക്കും ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; എത്ര തുക ഈയിനത്തിൽ ഇൻഷുറൻസ് ആനുകൂല്യമായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ചില പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ ചേരാത്തതുമൂലം ഈ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എല്ലാ ആശുപത്രികളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

**ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കാൻ നടപടി**

595 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും എത്ര രൂപയാണ് ഈ പദ്ധതിയിലേക്ക് ഈടാക്കിയതെന്ന് വിശദമാക്കാമോ;

(ബി) മെഡിസെപ്പിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; കൂടുതൽ റീഇംപേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തുമോ; റീഇംപേഴ്സ്മെന്റിന് ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻനമ്പർ ലഭിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് മെഡിസെപ്പ് തുക പിടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക ഇ-ട്രഷറി വഴി ഡി.ഡി.ഒ. അടയ്ക്കേണ്ടതിനു പകരം ജീവനക്കാർ തന്നെ ട്രഷറിയിൽ മാസാമാസം ഒടുക്കുന്ന അവസ്ഥ നിർത്തലാക്കി ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിച്ച് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ഉണ്ടായിരിക്കുന്ന തടസ്സം വിശദമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിന്റെ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി ഉണ്ടാകുമോ;

(ഇ) ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക ശമ്പളത്തിൽ നിന്നും നേരിട്ട് പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിച്ച തുക

596 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെതിരെ സുപ്രീംകോടതിയിൽ നൽകിയ കേസിന്റെ നടത്തിപ്പിനായി വക്കീൽ ഫീസ് ഉൾപ്പെടെ ആകെ ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## അഭിഭാഷകരുടെ സേവനത്തിന് ചെലവായ തുക

597 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതൊക്കെ കേസുകളിൽ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ടെന്നും ഓരോ കേസിലും വക്കീൽ ഫീസിനത്തിലും മറ്റ് ഇനങ്ങളിലുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതൊക്കെ രാഷ്ട്രീയ കൊലപാതക കേസുകളിൽ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

തേടിയിട്ടുണ്ടെന്നും ഓരോ കേസിലും വക്കീൽ ഫീസിനത്തിലും മറ്റ് ഇനങ്ങളിലുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

**മനുഷ്യാവകാശ കമ്മീഷനിൽ താല്ക്കാലിക അടിസ്ഥാനത്തിലെ നിയമനം**

598 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ താല്ക്കാലിക അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷനിലെ താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തണമെന്ന സർക്കാർ ഉത്തരവ് മറികടന്ന് എത്ര ജീവനക്കാർ എത്ര വർഷമായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷനിൽ താല്ക്കാലിക അടിസ്ഥാനത്തിൽ തുടരുന്ന ജീവനക്കാരെ ഏതെങ്കിലും മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലാണോ നിയമിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എപ്രകാരമാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**ലെജിസ്ലേറ്റീവ് ഇൻസ്റ്റിട്യൂട്ട്**

599 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിലെ ജീവനക്കാർക്ക് നിയമ നിർമാണത്തിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള ലെജിസ്ലേറ്റീവ് ഇൻസ്റ്റിട്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെയായി എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടന്ന് വ്യക്തമാക്കുമോ;

(സി) ഇൻസ്റ്റിട്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി എത്ര രൂപ വകമാറ്റി അനുവദിച്ചിട്ടുണ്ട്; ഏത് ഹെഡ്ഡിൽ നിന്നെന്ന് വ്യക്തമാക്കുമോ;

(ഡി) ഇൻസ്റ്റിട്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെക്കെയാണെന്ന് വ്യക്തമാക്കുമോ?

**ഹൈക്കോടതിയിലെ കേസുകൾക്ക് പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം**

600 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കേരള ഹൈക്കോടതിയിലെ എത്ര കേസുകൾക്ക് പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം നേടിയിട്ടുണ്ട്; പ്രസ്തുത കേസുകൾ, ഇവർക്ക് ഫീസിനത്തിൽ നൽകിയ തുക, അനുവദിച്ച യാത്രപടി, മറ്റു ചെലവുകൾ എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്ഥലം**

601 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി. (ടി) 1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കിയാൽ സംഘത്തിന്റെ പേരിൽ റീ സർവേ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

602 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ അടഞ്ഞു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും പിരിഞ്ഞു പോയ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്

603 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ. ഏറ്റെടുത്ത് കെ.പി.പി.എൽ. ആക്കിയപ്പോൾ കെ.പി.പി.എൽ.-ന്റെ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റിൽ നിന്നും വാടക ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഈടാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.പി.പി.എല്ലിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര കരാർ ജീവനക്കാരുണ്ട്; പ്രസ്തുത സ്വകാര്യ സ്കൂളും കെ.പി.പി.എല്ലും തമ്മിലുള്ള കരാർ വ്യവസ്ഥ എന്താണ്; വ്യക്തമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധിയും പൊതു മേഖലാ സ്ഥാപനങ്ങളും

604 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയോ ലേ ഓഫ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധിമൂലം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ശമ്പളം മുടങ്ങിയിട്ടുള്ളതെന്നും ഏതെങ്കിലും സ്ഥാപനങ്ങളിൽ ജീവനക്കാരെ പിരിച്ചു വിടേണ്ടതായ സാഹചര്യങ്ങളുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ റിവോൾവിംഗ് ഫണ്ട് പോലുള്ള ബഡ്ജറ്റ് ഇതര സഹായം കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ?

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

605 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയത്ത് നൽകിവരുന്നുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശിക പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ നടപടി

606 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്; ഇവയിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## എഐ ക്യാമറ പദ്ധതിയിലെ അഴിമതി

607 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറ പദ്ധതിയിലെ അഴിമതി സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് പ്രസ്തുത ഉദ്യോഗസ്ഥനെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്ത് നിന്നും മാറ്റുന്നതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ/നഷ്ട കണക്കുകൾ

608 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരം ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്ന് ലാഭ/നഷ്ട കണക്ക് സഹിതം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളുടെ 2015-16 സാമ്പത്തിക വർഷത്തെ ലാഭ/നഷ്ട സ്ഥിതിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളെ സമയബന്ധിതമായി ലാഭത്തിലേയ്ക്ക് ഉയർത്തികൊണ്ടുവരാൻ എന്തൊക്കെ നടപടികൾക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കാമ്പസ് വ്യവസായ പാർക്കുകൾ

609 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കണ്ടുപിടിക്കപ്പെടുന്ന നൂതന ആശയങ്ങൾ വിപണന സാധ്യതയുള്ള ഉല്പന്നങ്ങളാക്കുവാൻ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വലിയ വ്യവസായ സംരംഭങ്ങൾക്ക് ഭൂമിസാദ്ധ്യതയില്ലാത്ത ഇടമെന്ന പരിമിതി അതിജീവിക്കുവാൻ അനുയോജ്യമായതും വിജ്ഞാനാധിഷ്ഠിതവുമായ വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഭൂമി ഉറപ്പാക്കിയതിനുശേഷം ലഭിക്കുന്ന അധിക ഭൂമിയിൽ കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനും വ്യവസായ-അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ.**

610 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസ് ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി വ്യവസായ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ വ്യവസായ വകുപ്പ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സംരംഭകർക്ക് സൗകര്യങ്ങൾ ഒരുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റീ - ബിൽഡ് കേരളയ്ക്ക് കൈമാറിയതിന് ശേഷം പ്രസ്തുത നിവേദനത്തിന്മേൽ റീ - ബിൽഡ് കേരള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

**സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ**

611 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വ്യവസായ ശാലകളിൽ നിന്നും ജലസ്രോതസുകളിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിന്റെ ഭാഗമായി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

**വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

612 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ വാമനപുരം

മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

## വയനാട് ജില്ലയിലെ സ്വയം സംരംഭങ്ങൾ

613 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങൾക്കായി സർക്കാർ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയുടെ സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്

614 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, വൻകിട കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, എം സാന്റ്, ചല്ലി തുടങ്ങി വിവിധയിനം സാധനങ്ങളുടെ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ എം സാന്റ്, ചല്ലി, പി സാന്റ് തുടങ്ങിയവയ്ക്ക് വില്പനക്കാർ തോന്നിയതുപോലെ വില ഈടാക്കി വില്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാധനങ്ങൾക്ക് അടിസ്ഥാന വില്പന വില നിശ്ചയിച്ച് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സംരംഭക വർഷം 2.0 പദ്ധതി

615 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം 2.0 പദ്ധതിയിലൂടെ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സമാഹരിച്ച നിക്ഷേപ തുക എത്രയെന്ന് വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

## സൗത്ത് വാഴക്കുളം മിനി വ്യവസായ എസ്റ്റേറ്റ്

616 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ സൗത്ത് വാഴക്കുളം മിനി വ്യവസായ എസ്റ്റേറ്റിൽ

നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റിൽ പുതിയ സംരംഭകർക്കായി ഭൂമി അനുവദിച്ച് നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എസ്റ്റേറ്റിന്റെ വിപുലീകരണത്തിനായി പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പാറത്തോട് പഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റ്

617 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

## കാട്ടാക്കടയിലെ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ

618 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ലെ ബജറ്റിൽ തുക വകയിരുത്തിയിരുന്ന, കാട്ടാക്കടയിലെ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ടോക്കൺ പ്രൊവിഷൻ നൽകി 2024-25 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന, കാട്ടാക്കട മണ്ഡലത്തിലെ കുന്താണി, മലയിൻകീഴ് മേപ്പൂക്കട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## വ്യവസായ സ്ഥാപനങ്ങൾക്ക് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത കെട്ടിടങ്ങൾ

619 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്ത കെട്ടിടങ്ങളുടെ ഉയരം, വിസ്തീർണ്ണം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി

620 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ ക്യാമ്പസുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(സി) 25 ഏക്കറിലധികം ഭൂമിയുള്ള പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സംരംഭക വർഷം പദ്ധതിയിൽ ആരംഭിച്ച യൂണിറ്റുകൾ

621 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭക വർഷം 3.0 ഈ വർഷം ഉണ്ടാകുമോ;

(ബി) സംരംഭക വർഷം 1.0, സംരംഭക വർഷം 2.0 സമയങ്ങളിൽ ആരംഭിച്ച യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയുന്നതിനും പ്രവർത്തിക്കുന്നവയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിൽ താൽക്കാലികമായി സംരംഭക വർഷത്തിന് നിയോഗിച്ച ഇ.ഡി.ഇ.മാരുടെ പ്രവർത്തനം സംരംഭകർക്ക് എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്നത് സംബന്ധിച്ച ഒരു പഠനം നടത്തുമോ?

## അങ്കമാലി നിയോജകമണ്ഡലത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതി

622 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകിയോ; ഇല്ലെങ്കിൽ ഇത് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽ ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് ഭൂമിയുടെ വില ലഭിക്കാത്തതിനാൽ അവർ നേരിടുന്ന പ്രയാസവും ദുരിതവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗിഫ്റ്റ് സിറ്റി പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ ഉണ്ടായ ജനകീയ പ്രതിഷേധങ്ങളിൽ സ്ഥലത്തെ പള്ളി വികാരി ഉൾപ്പെടെയുള്ള ഭൂവുടമകൾക്കെതിരെ എടുത്ത കേസുകൾ നാളിതുവരെ പിൻവലിക്കാത്തതും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകാതിരിക്കുകയും ചെയ്യുന്നത് ഭൂവുടമകളോട് കാണിക്കുന്ന നീതി നിഷേധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസുകൾ പിൻവലിക്കാനും ഭൂമിയുടെ വില ത്വരിതഗതിയിൽ നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഭൂവുടമകൾക്ക് ഭൂമിയുടെ വില എന്ന് മുതൽ നൽകി തുടങ്ങുമെന്നുള്ള ഉറപ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം

623 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം,

വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്കിൽ താലൂക്ക് വ്യവസായ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വിശദമാക്കുമോ?

## <u>വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക സംവിധാനം</u>

624 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാല് ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാവുന്ന തരത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇതിൻ പ്രകാരം എത്ര സംരംഭങ്ങൾ നാളിതുവരെയായി തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ അനുമതി ലഭിക്കാനും വ്യവസായം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആയത് സംബന്ധിച്ച് പരാതി ഉയരുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>സംരംഭക വർഷം പദ്ധതി</u>

625 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ എം.എസ്.എം.ഇ. മേഖലയിൽ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ 'സംരംഭക വർഷം' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും വായ്പ /സബ്സിഡി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങളെ വിപുലപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>വിദ്യാലയങ്ങളിലെ സംരംഭകത്വ വികസന ക്ലബ്ബുകൾ</u>

626 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനത്തിന് വ്യവസായ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻകുബേഷൻ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ വിശദ വിവരങ്ങൾ നൽകുമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവേഷണങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്താമോ?

**<u>സ്ഥിരം ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് കിൻഫ്രയുടെ ഭൂമി നൽകുന്നതിന് നടപടി</u>**

627 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് 2023 മുതൽ ഹജ്ജ് എംബാർകേഷൻ പോയിന്റായി തെരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ സ്ഥിരം ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് കിൻഫ്രയുടെ അധീനതയിലുള്ള ഒരേക്കർ ഭൂമി കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലീസ് വ്യവസ്ഥയിൽ നൽകുന്നതിന് കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിൽ തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കി ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി</u>**

628 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം, ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങിയ പദ്ധതികളുടെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ പഞ്ചായത്ത്, മുൻസിപ്പാലിറ്റി തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സംരംഭങ്ങൾക്കായി സംരംഭകർക്ക് ബാങ്ക് വായ്പയായി എത്ര തുക ലഭിച്ചു എന്ന് പഞ്ചായത്ത്, മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ?

**<u>സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ പുരോഗമനം</u>**

629 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതിക പുരോഗതി നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാരമേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുന്നുണ്ടോ;

എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ അടഞ്ഞു കിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ സംരംഭക വർഷം പദ്ധതി

630 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) എത്ര രൂപയുടെ നിക്ഷേപവും തൊഴിലവസരവും ആണ് സൃഷ്ടിക്കാൻ സാധിച്ചത്;

(സി) പഞ്ചായത്ത്-നഗരസഭ അടിസ്ഥാനത്തിൽ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഒരു കുടുംബം ഒരു സംരംഭം പദ്ധതി

631 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ എത്ര സംരംഭകർക്ക് സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ എത്ര സ്ത്രീ സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി

632 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം അധിക ധനസഹായങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംരംഭകർക്ക് സാധാരണ സംരംഭകർക്ക് ലഭിക്കുന്നതിനേക്കാൾ വായ്പ സബ്സിഡി സംസ്ഥാനം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ സൂക്ഷ്മ സംരംഭങ്ങൾ

633 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന എത്ര സൂക്ഷ്മ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഇവയ്ക്ക് നൽകുന്ന സഹായങ്ങൾ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ;

(ബി) സംരംഭകശീലം വളർത്തുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ആളുകൾക്ക് പ്രത്യേക പരിശീലന പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ

634 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; എത്ര കുടുംബങ്ങളാണ് നിലമ്പൂർ താലൂക്കിൽ കുലത്തൊഴിലായി മൺപാത്ര നിർമ്മാണം നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ സംഘങ്ങളുടെ പേരുവിവരങ്ങളും നിയമാവലിയുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) മൺപാത്ര നിർമ്മാണത്തിനായി കളിമണ്ണ് ശേഖരിക്കുന്നതിന് കടുത്ത നിയന്ത്രണം ഉള്ളതിനാൽ നിർമ്മാണ തൊഴിലാളികൾക്ക് മണ്ണ് ലഭ്യത ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; ദൂരസ്ഥലങ്ങളിൽ നിന്നും കളിമണ്ണ് കൊണ്ടുവരുമ്പോഴുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ മണ്ണ് ലഭ്യതയുള്ള സമീപ പ്രദേശങ്ങളിൽ കളിമൺ ഖനനാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്കുണ്ടായിരുന്ന അധികാരം പുനഃസ്ഥാപിക്കുമോ; വിശദമാക്കാമോ;

(ഡി) പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് മൺപാത്ര നിർമ്മാണം പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളോ കേന്ദ്രങ്ങളോ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

635 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വ്യവസായ ഇടനാഴിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

636 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ വ്യാവസായ പാർക്കുകൾ</u>

637 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെയുള്ള വ്യാവസായ പാർക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെ നിന്നും എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുകയെന്ന് വിശദമാക്കാമോ;

(സി) വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള വ്യവസായ പാർക്കുകൾക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ?

## <u>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി</u>

638 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന വിശദാംശം വ്യക്തമാക്കുമോ?

## <u>പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായപാർക്ക്</u>

639 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിലെ ഐ.ടി. പാർക്കിനായി കണ്ടെത്തിയ സ്ഥലം വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക നടപടികൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ ഇടപെടൽ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മന്ത്രിതലയോഗം വിളിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

## <u>കലാലയങ്ങളിൽ വ്യവസായ പാർക്കുകൾ</u>

640 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും ഉതകുന്ന രീതിയിൽ കലാലയങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ താല്പര്യമറിയിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി അനുമതി ലഭിക്കുന്ന കലാലയങ്ങൾക്ക് വ്യവസായ മേഖല പദവി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**<u>കിൻഫ്ര വ്യവസായ പാർക്കിലെ എസ്.ഡി.എഫ് ബ്ലോക്കിന്റെ നിർമ്മാണം</u>**

641 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ച് കിൻഫ്ര വ്യവസായ പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്.ഡി.എഫ്.) ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന തീയതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

**<u>തോന്നക്കൽ ബയോ 360 ലൈഫ് സയൻസസ് പാർക്ക്</u>**

642 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്ത് ഉയർന്നുവരുന്ന പുത്തൻ സാമ്പത്തിക മേഖലയാണ് ബയോഇക്കണോമിക്സ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബയോഇക്കണോമിക്സിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജൈവ സാങ്കേതികവിദ്യാ മേഖലയിൽ കാര്യമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) യുവ ബിരുദധാരികളെ ജൈവ സാങ്കേതികവിദ്യാ മേഖലയിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ലോകത്തിലെ തന്നെ ഏറ്റവും മികച്ച വൈറോളജി സ്ഥാപനമായി തിരുവനന്തപുരം തോന്നക്കൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയെ (ഐ.എ.വി) മാറ്റാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ടുന്ന അനുമതികൾ

നേടിയെടുക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ?

## എരുമപ്പെട്ടിയിൽ വ്യവസായ പാർക്ക്

643 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പത്ത് ഏക്കർ സ്ഥലം വ്യവസായ വകുപ്പിന് വിട്ടുനൽകാൻ സമ്മതപത്രം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കണ്ണമ്പ്ര വ്യവസായ പാർക്ക്

644 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്ക് സ്ഥലം ഏറ്റെടുക്കൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ?

## കുറ്റ്യാടിയിൽ വ്യവസായ പാർക്കിനായി ഭൂമി കൈമാറി കിട്ടുന്നതിന് നടപടി

645 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യതാ പഠനത്തിന് ഏതെങ്കിലും കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കുറ്റ്യാടിയിലെ മണിമല നാളികേര പാർക്കിന്റെ നിർമ്മാണ പുരോഗതി

646 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിലെ മണിമല നാളികേര പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ചുറ്റുമതിൽ, വാച്ച് റൂം ക്യാബിൻ, ബോർ വെൽ എന്നിവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നാളികേര പാർക്കിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നാളികേര പാർക്കിലേക്ക് വ്യവസായങ്ങളെ ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നത്തേക്കാണെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## ക്യാമ്പസ് വ്യവസായ പാർക്കുകൾ

647 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ?

## പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ അനുമതി

648 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. യുടെയും കിൻഫ്രയുടെയും പാർക്കുകളിൽ നിന്ന് എത്ര സംരംഭകർക്ക് ഭൂമി/കെട്ടിടം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാം സംരംഭകർക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചുവെന്നും എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

649 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയെന്നും പുതുതായി എത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ, അവയ്ക്കായി ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ?

## ഖാദി ബോർഡിന്റെ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കാൻ നടപടി

650 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം വെങ്ങാനൂർ തെന്നൂർക്കോണത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനവും പതിനെട്ട് സെന്റ് വസ്തുവും സ്വകാര്യ വ്യക്തികൾ കയ്യേറിയതിന്റെ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം കയ്യേറിയവർക്കെതിരെ എന്തൊക്കെ നിയമനടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; കേസ് രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ നല്കാമോ;

(സി) പ്രസ്തുത സ്ഥലത്തിൽ നിന്ന് അഞ്ച് സെന്റ് വസ്തു സ്വകാര്യ വ്യക്തിക്ക് വിലയാധാരം നൽകിയതിന് നിയമസാധുതയില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ആധാരം റദ്ദ് ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലത്തെ സ്ഥാപനങ്ങളിൽ ഉൽപാദന യൂണിറ്റും സെയിൽസ് ഔട്ട്ലെറ്റും ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

651 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## വ്യാവസായിക മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നത് തടയാൻ നടപടി

652 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാറിന്റെ തീരപ്രദേശങ്ങളിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കിയതുമൂലം മത്സ്യങ്ങൾ ചാകുന്നതിൽ ഉത്തരവാദികളായ സ്ഥാപനങ്ങൾക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ നദികളിലേക്ക് ഒഴുക്കി വിടുന്നതുമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് വ്യവസായ വകുപ്പ് മുഖേനെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിന് കെൽട്രോൺ സ്വീകരിച്ച നടപടി

653 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ എ.ഐ. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോൺ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വ്യാവസായിക മേഖലയുടെ നവീകരണം

654 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയെ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും അതിലൂടെ വ്യവസായ സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തിന് വ്യാവസായിക വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തേക്ക് എത്ര നിക്ഷേപം ആകർഷിക്കുവാൻ സാധിച്ചു; ഇതിൽ എത്രത്തോളം പദ്ധതികൾ പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേക്ക് ആഭ്യന്തര കുടിയേറ്റം ശക്തമാകുമെന്ന് ഏതെങ്കിലും പഠനങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>നെയ്യാറ്റിൻകര കാരോട് പഞ്ചായത്തിലെ പവ്വർലൂം പുനരുദ്ധാരണം</u>**

655 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പവ്വർലൂമിന്റെ പുനരുദ്ധാരണത്തിന് 2022-23, 2023-24 വർഷങ്ങളിൽ എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ?

**<u>ആറ്റിങ്ങൽ മണ്ഡലത്തിലെ സംരംഭകത്വ വികസന ക്ലബ്ബുകൾ</u>**

656 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ആറ്റിങ്ങൽ മണ്ഡലത്തിലെ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ ആരംഭിച്ച 10 സംരംഭകത്വ വികസന ക്ലബ്ബുകളുടെയും പ്രവർത്തനം ഗുണപരമായിട്ടുണ്ടോ; നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

**<u>പ്രവർത്തനം അവസാനിപ്പിച്ച സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ</u>**

657 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും പ്രവർത്തനം അവസാനിപ്പിച്ചതുമായ കെൽട്രോൺ ഡിവൈസസ്, കെൽട്രോൺ

എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവഹാരങ്ങൾ തീർപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) വ്യവഹാരങ്ങൾ തീർത്തു സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പ് ഈ സ്ഥലത്ത് ആരംഭിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**കെ-സ്വിഫ്റ്റിലൂടെയുള്ള അപേക്ഷ**

658 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കുന്നവർക്കാണ് കെ-സ്വിഫ്റ്റിലൂടെ അപേക്ഷിക്കാൻ അർഹത ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടിയിൽ താഴെ നിക്ഷേപമുള്ള സംരംഭങ്ങളാണ് മുൻകൂർ ലൈസൻസ് ഇല്ലാതെ ആരംഭിക്കാൻ കഴിയുക എന്ന് അറിയിക്കാമോ?

**കെല്ലിന്റെ പ്രവർത്തനം**

659 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭെൽ ഏറ്റെടുത്തു കെൽ സ്ഥാപിതമായതിനുശേഷം അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് സർക്കാർ വാഗ്ദാനം ചെയ്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക പ്രസ്തുത വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ; തുക വാഗ്ദാനം ചെയ്തത് ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നു എന്ന് അറിയിക്കാമോ;

(സി) കാസർകോട് കെല്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരവും ലാഭകരവും ആണോ; വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ മാറ്റമുണ്ടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

**വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

660 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികളുടെ മികവ് ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഗിഫ്റ്റ് സിറ്റി പദ്ധതി**

661 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ വി ജോയി**
**ശ്രീ എം മുകേഷ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഫ്റ്റ് സിറ്റി പദ്ധതിക്കുള്ള അന്തിമാനുമതി കേന്ദ്ര സർക്കാർ വൈകിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(സി) കാലതാമസം കൂടാതെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനായി അനുമതി നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>സി.എം.ആർ.എൽ. കമ്പനിയ്ക്ക് എക്സാലോജിക് സൊല്യൂഷനുമായുള്ള കരാർ</u>

662 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് എത്ര ശതമാനം ഓഹരി ഉണ്ടെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ഓഹരിയുള്ള കമ്പനിയായി പ്രവർത്തിക്കുമ്പോൾ സർക്കാർ ചട്ടങ്ങളും നിബന്ധനകളും ഇവർക്ക് ബാധകമാണോ; വിശദാംശം ലഭ്യമാകുമോ;

(ബി) എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് എന്ത് സേവനം ലഭ്യമാക്കിയതിനാണ് സി.എം.ആർ.എൽ. കമ്പനി പണം നൽകിയതെന്ന് വിശദമാക്കാമോ; സി.എം.ആർ.എൽ. കമ്പനി എക്സാലോജിക് സൊല്യൂഷനെ തെരഞ്ഞെടുത്ത മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത കമ്പനി എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാകുമോ;

(സി) സി.എം.ആർ.എൽ. കമ്പനിക്ക് സോഫ്റ്റ്‌വെയർ നൽകുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് പരസ്യം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത പരസ്യം എന്നാണ് നൽകിയതെന്നും പത്ര മാധ്യമങ്ങളിലോ മറ്റേതെങ്കിലും തരത്തിലോ വിജ്ഞാപനം ചെയ്തിരുന്നോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) സി.എം.ആർ.എൽ. നൽകിയ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ ദർഘാസ് നൽകിയെന്നും ഓരോരുത്തരും രേഖപ്പെടുത്തിയിരുന്ന നിരക്ക് എത്രയെന്നും അറിയിക്കാമോ; ഇതിലേക്ക് ടെണ്ടർ ലഭിച്ചതിനുശേഷം തയ്യാറാക്കിയ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സി.എം.ആർ.എൽ. നൽകിയ പരസ്യപ്രകാരം ഏക ടെണ്ടർ ആണ് ലഭിച്ചതെങ്കിൽ സർക്കാർ ചട്ടങ്ങൾ പാലിച്ചാണോ എക്സാലോജിക് സൊല്യൂഷനുമായി കരാർ ഉറപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) സി.എം.ആർ.എൽ. ആവശ്യപ്പെട്ട സോഫ്റ്റ്‌വെയർ പ്രവൃത്തികൾ ചെയ്യുന്നതിന് എക്സാലോജികിനെ മാത്രമായി തെരഞ്ഞെടുത്തതിന്റെ കാരണം രാജ്യത്ത് മറ്റൊരു

സ്ഥാപനത്തിനും ചെയ്യാൻ കഴിയാത്ത സേവനമാണ് എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് ചെയ്യുന്നതെന്ന അഭിപ്രായം ഉള്ളത്കൊണ്ടാണോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ;

(ജി) ടെണ്ടർ വ്യവസ്ഥകൾ ഇല്ലാതെ ഏകപക്ഷീയമായിട്ടാണ് എക്സാലോജിക് കമ്പനിക്ക് സി.എം.ആർ.എൽ. പ്രസ്തുത കരാർ നൽകിയതെങ്കിൽ അത്തരത്തിലുള്ള ക്രമക്കേട് നടന്നതിന് കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം

663 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ -സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനത്തിൽ എത്ര വകുപ്പുകളെയാണ് ഏകജാലക സംവിധാനത്തിനായി ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഇരിക്കൂറിൽ റബർ പാർക്ക്

664 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി റബർ പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇരിക്കൂറിൽ റബർ പാർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വീട് നിർമ്മാണത്തിനായി ഡവലപ്പ്മെന്റ് പെർമിറ്റ്

665 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിന് ചെറിയ അളവിൽ മണ്ണെടുക്കുക, കല്ല്, പാറ എന്നിവ പൊട്ടിക്കുക എന്നിവയ്ക്കായി ഡവലപ്പ്മെന്റ് പെർമിറ്റ് എടുക്കുന്നതിന് പൊതുജനങ്ങൾ പ്രയാസം അനുഭവിക്കുന്ന വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വീട് നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങൾക്ക് വേഗത്തിൽ ഇത്തരം അനുമതി ലഭിക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

## മണ്ണ് നീക്കം ചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള അനുമതി

666 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം പുരയിടത്തിൽ വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വീട് നിർമ്മിക്കുന്ന സ്ഥലത്തു നിന്നും നീക്കം ചെയ്യുന്ന മണ്ണ് സ്വന്തം പുരയിടത്തിൽ നിക്ഷേപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽ വിഷയത്തിൽ അപേക്ഷ നൽകേണ്ടത് ആർക്കാണെന്നും പ്രത്യേക അപേക്ഷ ഫാറം നിർദ്ദേശിച്ചിട്ടുണ്ടോയെന്നും എത്ര രൂപയുടെ ഫീസാണ് അടക്കേണ്ടതെന്നും വിശദാംശം നൽകാമോ?

## വ്യവസായ സംരംഭങ്ങൾക്കായി മണ്ണ് മാറ്റുന്നതിനു അനുമതി

667 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്കായി മണ്ണ് മാറ്റുന്നതിനുള്ള അനുമതിക്കായി സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി തദ്ദേശ വകുപ്പ്, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്, വ്യവസായ വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം നടത്താൻ സാധിക്കുമോ;

(സി) ഇത്തരം അപേക്ഷകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിനും സംരംഭകർക്ക് ആത്മവിശ്വാസം പകരുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ

668 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിൽ വിരിപ്പാക്കാ വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ 06.02.2023 മുതൽ ലേ ഓഫിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മിൽ തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ഖാദി നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ നവീകരണം

669 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന പല സ്ഥാപനങ്ങളും കാലപ്പഴക്കം കാരണം പുതുക്കി പണിയണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും എം.എൽ.എ., എം.പി, ഫണ്ടുകളും ഉപയോഗിച്ച് പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

## കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമി ഏറ്റെടുക്കാൻ നടപടി

670 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമി സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയുടെ നിലവിലെ ബാധ്യത പലതും സർക്കാർ നേരിട്ട് കൊടുക്കുമ്പോൾ ഒഴിവാക്കാൻ കഴിയുന്നതും ചിലത് ഗണ്യമായി കുറക്കാൻ കഴിയുന്നതുമായതിനാൽ പ്രസ്തുത ഭൂമിയും അനുബന്ധ വസ്തുക്കളും ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാവുമോ; വ്യക്തമാക്കാമോ?

## സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

671 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ കോർപ്പറേഷൻ, ടെക്സ്ഫെഡ് എന്നിവയുടെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ അടഞ്ഞു കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ

672 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി നിലവിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാക്ടറികളിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

## വൈദ്യുതി മേഖലയിലെ അധിക ഉല്പാദനം

673 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം ജലവൈദ്യുത പദ്ധതി വഴി എത്ര മെഗാ വാട്ടിന്റെ അധിക ഉല്പാദനം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ എണ്ണം എത്രയെന്നും ഈ ഇനത്തിൽ എത്ര കോടി രൂപ അധിക ബാധ്യത ആയെന്നും അറിയിക്കാമോ?

## വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ തടയാൻ നടപടി

674 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിലൈൻ പൊട്ടിവീണും സർവീസ് വയറിലുണ്ടാകുന്ന ചോർച്ചയും കാരണം വൈദ്യുതാഘാതം ഏൽക്കുന്ന സാഹചര്യം തടയാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂർ പ്രദേശത്ത് കടവരാന്തയിൽ നിന്ന വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തിന്റെ ;

(സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ യുദ്ധകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

675 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം, തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഡി.ബി./ഇ.എസ്.ഡി.-എൻ.ഡി.പി.എം./8/ ന്യൂ പ്രൊപ്പോസൽ/2024-25 എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

676 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മഞ്ചേരി, കിടങ്ങഴി-നിറഞ്ഞപറമ്പ്-റഹ്മത്ത് സ്കൂൾ പരിസരത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ പൂർത്തീകരിക്കാനുള്ള കെ.എസ്.ഇ.ബി.യുടെ പദ്ധതികൾ

677 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

## വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

678 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗണിലും പരിസര പ്രദേശത്തും, വേളം ഗ്രാമ പഞ്ചായത്തിലെ മാമ്പ്രമല എന്ന പ്രദേശത്തും, മണിയൂർ ഗ്രാമ പഞ്ചായത്തിലെ കുറുന്തോടിയിലും ആയഞ്ചേരിയിലെ കീരി അങ്ങാടിയിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അടിയന്തര വിപണിയിൽ നിന്നും വൈദ്യുതി വാങ്ങിയ നടപടി

679 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് അധിക വൈദ്യുതി ഉപഭോഗം ഉണ്ടാകുമെന്ന് മുൻകൂട്ടി കാണാത്തതിനാൽ വൈദ്യുതി നിയന്ത്രണം ഒഴിവാക്കാൻ അടിയന്തര വിപണിയിൽ നിന്ന് വൈദ്യുതി വാങ്ങുവാൻ കെ.എസ് .ഇ.ബി. കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ യൂണിറ്റിന് എത്ര രൂപ നിരക്കിൽ എത്ര യൂണിറ്റ് വൈദ്യുതി വാങ്ങാനാണ് കരാർ ഉണ്ടാക്കിയത് ; കേന്ദ്ര നിലയങ്ങളിൽ നിന്നും വാങ്ങുന്ന ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി നിരക്ക് എത്രയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏത് കാലയളവിലേക്കാണ് അടിയന്തര വിപണിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കെ.എസ് .ഇ.ബി. കരാർ ഉണ്ടാക്കിയത് ; പ്രസ്തുത കരാറിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിരുന്നോ ; ജൂൺ മാസത്തിലേക്ക് കൂടി വൈദ്യുതി വാങ്ങാൻ കരാർ ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വേനൽ മഴ ശക്തമായതിനെ തുടർന്ന് സംസ്ഥാനത്ത് വൈദ്യുതി മിച്ചം ആയതിനാൽ കേന്ദ്ര നിലയങ്ങളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി നിലവിൽ സറണ്ടർ ചെയ്യുന്ന സാഹചര്യമുണ്ടോ; ഇത്തരം വൈദ്യുതിക്ക് ഫിക്സ്ഡ് ചാർജ് നൽകേണ്ടതിനാൽ ദിവസം എത്ര കോടി രൂപയുടെ നഷ്ടമാണ് കെ.എസ് .ഇ.ബി. ക്ക് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ; അടിയന്തര വിപണിയിൽ നിന്നുള്ള വൈദ്യുതി കരാർ അവസാനിക്കുന്നതുവരെ ഈ നില തുടരേണ്ടതിനാൽ ഈ ഇനത്തിൽ ആകെ എത്ര കോടി രൂപയുടെ നഷ്ടം വരുമെന്ന് വ്യക്തമാക്കുമോ ;

(ഡി) റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെയും ശരിയായ ആസൂത്രണം ഇല്ലാതെയും അടിയന്തര വിപണിയിൽ നിന്നും വൈദ്യുതി വാങ്ങിയതിലൂടെ കെ.എസ് .ഇ.ബി. ക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടമുണ്ടാക്കിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

## വോൾട്ടേജ് ക്ഷാമം

680 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ മുത്താന - കൊട്ടുവേലിക്കോണം പള്ളിറോഡ് നിവാസികളായ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി കരാർ

681 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. യിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം

682 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള തസ്തികകൾ വെട്ടിക്കുറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, വെട്ടിക്കുറക്കാൻ ഉദ്ദേശിക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി. യിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര എണ്ണം അഡ്വൈസ് ചെയ്യപ്പെട്ടിട്ടുണ്ട്?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. വിനിയോഗിച്ച തുക

683 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും വിനിയോഗിച്ച തുക എത്രയാണെന്ന് വിശദീകരിക്കുമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

684 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അതിന് വേണ്ടി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദ വിവരം ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ കീഴിൽ മണ്ഡലത്തിൽ എത്ര സ്ഥലമാണുള്ളതെന്നും ഈ സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വിവരം വ്യക്തമാക്കാമോ?

## വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

685 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള എടക്കുറിശ്ശി, കപ്പടം, നെല്ലിക്കുന്ന്, വെട്ടം പ്രദേശങ്ങളിൽ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വൈദ്യുതി കരാർ

686 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ എന്ന സ്ഥാപനവുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര വർഷത്തേക്കാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്നുൾപ്പെടെ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രസ്തുത സ്ഥാപനത്തിന് നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ദീർഘകാല വൈദ്യുതി കരാറുകൾ

687 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിനെ തുടർന്ന് പുതിയ കരാർ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പുതിയ കരാർ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കുന്നതിന് കാരണമായി ചൂണ്ടിക്കാട്ടിയത് എന്തായിരുന്നു; പ്രസ്തുത കരാറുകൾ പുനരുജ്ജീവിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇപ്രകാരം കരാറുകൾ പുനരുജ്ജീവിപ്പിച്ചപ്പോൾ കമ്പനികൾ പഴയ നിരക്കിൽ വൈദ്യുതി നൽകുവാൻ തയ്യാറായിരുന്നോ; ഇല്ലെങ്കിൽ നിരക്കിൽ ഉണ്ടായ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കുകയും പിന്നീട് പുനരുജ്ജീവിപ്പിക്കുകയും ചെയ്തതിലൂടെ കെ.എസ്.ഇ.ബി.യ്ക്ക് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## വൈദ്യുതി ഉല്പാദനം

688 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്രയാണെന്ന് വർഷം തിരിച്ച്

നൽകാമോ;

(ബി) 2011 മുതൽ കെ.എസ്.ഇ.ബി. യുടെ ലാഭം, നഷ്ടം എന്നിവ എത്രയാണ് എന്ന് വർഷം തിരിച്ച് നൽകാമോ;

(സി) 2011 മുതൽ കെ.എസ്.ഇ.ബി. യുടെ സഞ്ചിത ലാഭം, നഷ്ടം എത്രയാണ് എന്ന് വർഷം തിരിച്ചു നൽകാമോ?

## കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്ന വൈദ്യുതി

689 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വൈദ്യുതി, തെർമൽ പവർ, സോളാർ വൈദ്യുതി, കൂടംകുളം വഴി ലഭിക്കുന്ന വൈദ്യുതി എന്നിവ ഉൾപ്പെടെ കെ.എസ്.ഇ.ബി. വഴി വിതരണം ചെയ്യുന്ന വൈദ്യുതിയിൽ ഓരോന്നിന്റെയും വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി

690 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായുണ്ടായ മഴയും കാറ്റും മൂലം 2024 മെയ് 15 ന് ശേഷം കെ.എസ്.ഇ.ബി. യ്ക്ക് എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ വകുപ്പുകളിൽ നിന്ന് വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ

691 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളും ന്യൂനതകളും എന്താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ ജീവനക്കാരുടെയും വാഹനങ്ങളുടെയും സാമഗ്രികളുടെയും കുറവുണ്ടോ എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പുതിയ ട്രാൻസ്ഫോർമറുകൾ അത്യാവശ്യമായി അനുവദിക്കേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അത്യാവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമറുകൾ അനുവദിക്കാത്തത്

എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പുതിയ കണക്ഷന വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; കണക്ഷൻ നൽകാൻ കാലതാമസമുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

**സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ തീരുമാനം**

692 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്ന കേന്ദ്ര വൈദ്യുതി വിഹിതം വേണ്ടെന്നുവച്ചുകൊണ്ട് 2024 മെയ്, ജൂൺ മാസങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ കെ. എസ്. ഇ. ബി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സറണ്ടർ ചെയ്ത് ഉയർന്ന നിരക്കിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) കെ. എസ്. ഇ. ബി.യുടെ പ്രസ്തുത തീരുമാനം മൂലം ബോർഡിന് കോടികളുടെ നഷ്ടം സംഭവിക്കുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ?

**വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള പ്രചാരണം**

693 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനലിൽ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള പ്രചാരണ വീഡിയോ തയ്യാറാക്കാൻ വൈദ്യുതി ബോർഡ് എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഡിജിറ്റൽ മാഗസിൻ ഉൾപ്പെടെ തയ്യാറാക്കാൻ റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; വേനലിലെ ഊർജ സംരക്ഷണത്തിന് മഴക്കാലത്ത് പ്രചാരണം നടത്തുന്ന സാഹചര്യം എന്താണെന്നു വെളിപ്പെടുത്തുമോ?

**ജനറേഷൻ ഡ്യൂട്ടി ടാക്സ്**

694 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിക്ക് ജനറേഷൻ ഡ്യൂട്ടി ടാക്സ് ഇടാക്കുന്നത് കേന്ദ്ര സർക്കാരിന്റെ സർക്കുലർ പ്രകാരം നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണോ; എങ്കിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതിക്ക് പ്രസ്തുത നികുതി ഈടാക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) രാജ്യത്തെ വൈദ്യുതി നിയമം അനുസരിച്ച് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചട്ട

പ്രകാരം സ്ഥാപിച്ച വൈദ്യുത മീറ്ററിലെ വിവരങ്ങൾ വച്ചു മാത്രമേ വൈദ്യുതി കൈമാറാനും ബില്ല് ചെയ്യാനും പാടുള്ളുവെന്നും പ്രസ്തുത മീറ്റർ സിസ്റ്റത്തിൽ ആയിരിക്കുവോളം ലൈസൻസിയുടെ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ആയിരിക്കുകയും ചെയ്യണമെന്നിരിക്കെ സംസ്ഥാനത്ത് ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള സോളാർ ജനറേഷൻ മീറ്ററിലെ വിവരങ്ങൾ, സോളാർ ഉല്പാദനം ബില്ല് ചെയ്യാനും നികുതി ചുമത്താനും ഉപയോഗിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ എം.എൻ.ആർ.ഇ. വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം സോളാർ ഉല്പാദകർക്ക് സോളാർ മീറ്റർ വയ്ക്കുക എന്നത് നിർബന്ധമല്ലാതിരിക്കെ സംസ്ഥാനത്ത് സോളാർ കണക്ഷന് നിർബന്ധമായും സോളാർ ജനറേഷൻ മീറ്റർ വയ്ക്കാൻ കെ.എസ്.ഇ.ബി. ആവശ്യപ്പെടുന്നത് ഏത് ചട്ട പ്രകാരമാണെന്ന് വിശദമാക്കാമോ;

(ഡി) 2.04.2002-ലെ 3112/1990 -ാം നമ്പർ എ.പി Vs എൻ.ടി.പി.സി. കേസിൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിപ്രകാരം ഇലക്ട്രിസിറ്റി ഒരു ഗുഡ്സാണെന്നും ഇതിൽ പ്രകാരം വൈദ്യുതി സ്വന്തം ആവശ്യത്തിന് ഉല്പാദിപ്പിച്ച് ഉപയോഗിച്ചാൽ അതിന് നികുതി ഏർപ്പെടുത്തുന്നത് നിയമ വിരുദ്ധമാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കേന്ദ്ര വൈദ്യുതി വിഹിതം</u>

695 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്ന കേന്ദ്ര വൈദ്യുതി വിഹിതം ഈ വർഷം മെയ്, ജൂൺ മാസങ്ങളിൽ സറണ്ടർ ചെയ്യാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സറണ്ടർ ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. യുടെ ഈ തീരുമാനം മൂലം ബോർഡിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് അടിയന്തര നടപടി</u>

696 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം ടൗൺ, എരുവ, കൃഷ്ണപുരം, പത്തിയൂർ എന്നീ ഭാഗങ്ങളിൽ ഉണ്ടാകാറുള്ള വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കെ.എസ്.ഇ.ബി.യുടെ വൈദ്യുതി കരാറുകൾ</u>

697 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാർ കാലയളവിലെ കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കുള്ള ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) മാർച്ച്, ഏപ്രിൽ മാസങ്ങളിലെപ്പോലെ മെയ്, ജൂൺ മാസങ്ങളിലും കൂടി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ ഈ വർഷം കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(സി) 2011-2016 സർക്കാർ കാലത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ ആദ്യം റദ്ദാക്കുകയും പിന്നീട് പുന:സ്ഥാപിക്കുകയും ചെയ്തപ്പോൾ മുൻ കരാറിലെ ഭൂരിഭാഗം കമ്പനികളും പിന്മാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടികൾ മൂലം കെ.എസ്.ഇ.ബി. ക്ക് ഭീമമായ തുകയുടെ നഷ്ടമുണ്ടായിയെന്നത് വസ്തുതയാണോ; വിശദമാക്കാമോ?

## ഊർജ്ജ കേരള മിഷൻ

698 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട എന്തൊക്കെ പദ്ധതികളാണ് ഊർജ്ജ കേരള മിഷൻ വഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുവഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഫിലമെന്റ് രഹിത കേരളം പദ്ധതി വഴി ഗാർഹിക ഉപഭോക്താക്കൾ മുൻപ് ഉപയോഗിച്ചിരുന്ന വൈദ്യുതിയിൽ എത്ര ശതമാനം ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അണക്കെട്ടുകളിലെ നിലവിലെ ജലസംഭരണശേഷി

699 **ശ്രീ ഒ . ആർ. കേളു**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ ജി സ്റ്റീഫൻ**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട അണക്കെട്ടുകളിലെ നിലവിലെ ജലസംഭരണശേഷി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(ബി) അണക്കെട്ടുകളുടെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാ ജലവൈദ്യുത അണക്കെട്ടുകളിലെയും മണൽ നീക്കം ചെയ്യുന്നതിനും അണക്കെട്ടുകളെ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**ജലവൈദ്യുത പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

700 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തിയിട്ടുണ്ടോയെന്നും വൈദ്യുതി ഉപയോഗത്തിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ജലവൈദ്യുത ഉല്പാദനകേന്ദ്രവുമായി ബന്ധപ്പെട്ട എല്ലാ അണക്കെട്ടുകളുടെയും സംഭരണശേഷിയും വൈദ്യുതോല്പാദനശേഷിയും വർദ്ധിപ്പിക്കുന്നതിനും പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി**

701 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള വൈദ്യുത ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നല്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം സൗജന്യ വൈദ്യുതി നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണ്;

(സി) ഈയിനത്തിൽ ബോർഡിന് പ്രതിമാസം വരുന്ന ചെലവ് എത്രയാണ്; ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി നൽകുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളോ കേസ്സുകളോ നിലവിലുണ്ടോ; വിശദമാക്കുമോ?

**പ്രകൃതിക്ഷോഭം മൂലം വൈദ്യുതി വകുപ്പിനുണ്ടാകുന്ന നഷ്ടം**

702 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭം മൂലം വൈദ്യുതി വകുപ്പിന് ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കാമോ;

(ബി) പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ ആസ്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പൊതുമേഖല /

സർക്കാർ ഇൻഷ്വറൻസ് പദ്ധതി മുഖേനയാണ് ഇൻഷ്വർ ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ നിലവിലുണ്ടെന്നും എത്ര ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

703 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ എത്രയെന്നും ഇതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

704 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

705 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ രൂക്ഷമായ വൈദ്യുതി ക്ഷാമം

706 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ രൂക്ഷമായ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ജില്ലയിൽ രണ്ടു വർഷത്തിനിടെ വൈദ്യുതി ഉപഭോഗം വർദ്ധിച്ചതനുസരിച്ച്

വിതരണ ശൃംഖല ശക്തിപ്പെടുത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൈദ്യുത വിതരണ ശൃംഖല വിപുലീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ജില്ലയിലെ വൈദ്യുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദേശം നൽകുമോ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ</u>**

707 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ?

**<u>വൈദ്യുത വിതരണ ശൃംഖലയുടെ ആധുനികവൽകരണം</u>**

708 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത വിതരണ ശൃംഖലയുടെ ആധുനികവൽകരണത്തിലൂടെ സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുത വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമിട്ട് സർക്കാരിന്റെ പരിഗണനയിലുള്ളതും നടപ്പാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) ദ്യുതി, ട്രാൻസ്ഗ്രിഡ് പദ്ധതികളിലൂടെ പ്രസ്തുത മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) റിവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിന്റെ (ആർ.ഡി.എസ്.എസ്. ) പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ?

**<u>മാർമല ജലവൈദ്യുത പദ്ധതി</u>**

709 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയ ഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനായി 7 കോടി 34 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (ലാൻറ് ആക്വസിഷൻ - ജനറൽ , പാല)

16.11.2023 തീയതി പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## വൈദ്യുത മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ പദ്ധതികൾ

710 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽകാലയളവിൽ വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനവ് മുന്നിൽക്കണ്ട് വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിൽ കെ.എസ്.ഇ.ബി. പരാജയപ്പെട്ടുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ എന്നിവയുടെ ശേഷി കൂട്ടുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

711 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി നിർമ്മാണ പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി

712 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി ക്ഷാമവും പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയത് സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജില്ലയിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി ക്ഷാമവും പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ജില്ലയിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റാൻ കഴിയും വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വണ്ടൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

713 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്കാണ് വൈദ്യുതി വകുപ്പ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി

714 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ

715 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാന സർക്കാരിന് 2021 മുതൽ നാളിതുവരെ ലഭിച്ച സാമ്പത്തിക സഹായം സ്കീം തിരിച്ച് വ്യക്തമാക്കാമോ?

## വൈദ്യുതി വിതരണ സംവിധാനത്തിന്റെ നവീകരണം

716 **ഡോ. എം. കെ. മുനീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽകാലത്ത് വൈദ്യുതി ഉപയോഗം വർദ്ധിക്കുന്നതിനനുസൃതമായി വൈദ്യുതി വിതരണ സംവിധാനം നവീകരിക്കുന്നതിൽ വൈദ്യുതി ബോർഡിന് വീഴ്ച ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വേനൽകാലത്ത് ഉണ്ടായേക്കാവുന്ന വർദ്ധിച്ച വൈദ്യുതി ഉപയോഗം മുൻകൂട്ടി മനസ്സിലാക്കി, വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ;

(സി) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ്

സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>ജലവൈദ്യുത ഉല്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

717 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കിക്കൊണ്ട് വൈദ്യുത ഉല്പാദനം നടത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലവൈദ്യുത ഉല്പാദന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; ഈ മേഖലയിൽ പരിഗണനയിലുള്ള പദ്ധതികൾ വിശദമാക്കുമോ;

(സി) ചെറുകിട ജലവൈദ്യുത ഉല്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനും അതിലൂടെ വൈദ്യുത ഉല്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>വൈദ്യുത ലൈൻ കേബിളാക്കുന്ന പദ്ധതി</u>**

718 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിനുള്ള ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**<u>പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ നടപടി</u>**

719 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>വൈദ്യുതി പ്രസരണ-വിതരണ നഷ്ടം</u>**

720 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത മേഖലയിലെ പ്രസരണ-വിതരണ നഷ്ടം എത്ര ശതമാനമായി കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസരണ നഷ്ടം കുറക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ഇതുവഴി സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ?

**വൈദ്യുതി കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നത്**

721 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണനഷ്ടം തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി വൈദ്യുത കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നതുമായ ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. മണലൂർ മണ്ഡലത്തിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ തെരുവ് വിളക്ക് സ്ഥാപിക്കൽ**

722 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ലെ ബജറ്റിൽ 3 കോടി രൂപ അനുവദിച്ചിരുന്ന, ചാത്തന്നൂർ മണ്ഡലത്തിലെ സ്ട്രീറ്റ് ലൈൻ വലിക്കൽ, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചാത്തന്നൂർ, കുണ്ടറ ഇ.ഇ. ഓഫീസുകൾ നാളിതുവരെ സ്വീകരിച്ച നടപടികളിലെ പുരോഗതി വിശദമാക്കുമോ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എത്രയും വേഗത്തിൽ ഭരണാനുമതി ലഭിക്കുന്നതിലേക്കായി എന്നത്തേക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**നിലമ്പൂർ ടൗണിൽ കെ.എസ്.ഇ.ബി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്ന നടപടി**

723 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരത്തിൽ കെ.എസ്.ഇ.ബി.യുടെ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് അടച്ചതെന്നും അടച്ച തീയതിയും അടച്ച തുകയ്ക്ക് ഏതെല്ലാം സ്ഥലങ്ങളിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളുമാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നും അറിയിക്കാമോ;

(ബി) ഭക്തജനങ്ങൾക്കും നാട്ടുകാർക്കും ജീവന് ഭീഷണിയായ നിലമ്പൂർ ചെട്ടിയങ്ങാടി മാരിയമ്മൻ കോവിൽ ദേവീക്ഷേത്രത്തിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങളോ കത്തോ കെ.എസ്.ഇ.ബി.യിൽ

ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ട്രാൻസ്ഫോർമർ കെ.എസ്.ഇ.ബി.യുടെ സ്വന്തം ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലമ്പൂർ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്ക് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഏതെല്ലാം വ്യക്തികളിൽ നിന്നാണ് കെ.എസ്.ഇ.ബി.യിൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നും ഓരോന്നും മാറ്റി സ്ഥാപിക്കുന്നതിന് അടക്കേണ്ട തുക എത്രയെന്നും ഈ തുക അടച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) നിലമ്പൂർ ടൗണിലെ ട്രാൻസ്ഫോർമറുകളും ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പണം അടച്ചിട്ടും കെ.എസ്.ഇ.ബി. ആയത് മാറ്റി സ്ഥാപിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ജീവനക്കാരുടെ അലംഭാവം കാരണം മേൽ പ്രവൃത്തി നീണ്ടുപോകുന്നുണ്ടോ; വിശദമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ

724 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വേനൽ കാലത്ത് കൊണ്ടോട്ടി നഗരത്തിലടക്കം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെടുകയും വോൾട്ടേജ് ലഭ്യത കുറയുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊട്ടുകര, ചെറാട് ഉൾപ്പെടെയുള്ള പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്നും എവിടെയെല്ലാമാണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## സോളാർ വൈദ്യുതി നിലയങ്ങൾ

725 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെയായി എത്ര മെഗാവാട്ട് സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിലയങ്ങളിൽ നിന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പുരപ്പുറ സോളാർ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. യൂണിറ്റിന് എത്ര രൂപയാണ് ഉല്പാദകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര രൂപ ഉല്പാദകർക്ക് നൽകിയിട്ടുണ്ടെന്നും എപ്പോഴാണ് തുക നൽകുന്നതെന്നും വ്യക്തമാക്കുമോ?

**ആലപ്പുഴ ജില്ലയിൽ അങ്കണജ്യോതി പദ്ധതി**

726 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണജ്യോതി പദ്ധതിയിലേയ്ക്ക് ആലപ്പുഴ ജില്ലയിലെ ഏതെല്ലാം അങ്കണവാടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി**

727 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) അനുമതി ലഭ്യമായവ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ളതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ സൗരോർജ്ജ പ്ലാന്റുകൾ**

728 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലും എത്ര വീടുകളിലുമാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സൗരോർജ്ജ പ്ലാന്റിനായി എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ?

**സോളാർ പ്ലാന്റുകൾക്ക് സഹായം**

729 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദത്ത വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വീടുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്നും വൈദ്യുതി ഉൽപാദനം**

730 **ശ്രീ ഒ . ആർ. കേളു**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. എം. സച്ചിൻദേവ്**

**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ പരമാവധി പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്നും കണ്ടെത്തുന്നത് ലക്ഷ്യമിട്ട് ഈ മേഖലയിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ വിശദമാക്കാമോ;

(ബി) ഉപയോഗയോഗ്യമല്ലാത്ത പ്രദേശങ്ങൾ പ്രയോജനപ്പെടുത്തി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ:;

(സി) സൗര പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## <u>പുരപ്പുറ സോളാർ പദ്ധതി</u>

731 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പുരപ്പുറ സോളാർ പദ്ധതി മുഖേന ഓൺഗ്രിഡ് ആയി കണക്ഷൻ എടുത്തവരുടെ നിലവിലെ ബില്ലിംഗ് രീതി എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതിയിൽ ചേർന്നവർക്ക് ഗ്രോസ്സ് ബില്ലിംഗ് സംവിധാനം നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ നിലവിലുള്ള ഫോറങ്ങളിൽ സോളാർ ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സോളാർ ഉപഭോക്താക്കൾക്ക് ഗ്രോസ്സ് ബില്ലിംഗ് രീതി നടപ്പിലാക്കുന്നത് മൂലം പുരപ്പുറ സോളാർ പദ്ധതിപോലുള്ള പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ ആശ്രയിക്കുന്നതിന് ജനങ്ങൾ മുന്നോട്ട് വരില്ല എന്നത് പരിഗണിച്ച് ഇത്തരം ശിപാർശകളും നടപടികളും പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>സോളാർ ഓൺഗ്രിഡ് കണക്ഷൻ</u>

732 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺഗ്രിഡ് സോളാർ പദ്ധതി പ്രകാരം ഉപഭോക്താക്കൾ ലഭ്യമാക്കുന്ന വൈദ്യുതിക്ക് മീറ്റർ റീഡിംഗ് പ്രകാരം യഥാർത്ഥ തുക ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപഭോക്താക്കൾക്ക് യഥാർത്ഥ വില ലഭ്യമാക്കി സോളാർ പദ്ധതി സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിച്ച് വൈദ്യുതി പ്രതിസന്ധി നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഓൺഗ്രിഡ് കണക്ഷൻ ലഭ്യമാക്കുമ്പോൾ സമയബന്ധിതമായി മീറ്ററുകൾ സ്ഥാപിക്കാത്തത് കാരണം കണക്ഷൻ ഓൺഗ്രിഡ് ആക്കാൻ പറ്റാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി മീറ്ററുകൾ ലഭ്യമാക്കി സോളാർ പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കൃഷിയിടങ്ങളിൽ സൗജന്യ സോളാർ പ്ലാന്റുകൾ

733 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരെ സഹായിക്കുന്നതിനായി കൃഷിയിടങ്ങളിൽ സൗജന്യ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കർഷകർക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി.യിൽ സോളാർ മീറ്റർ

734 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ സോളാർ മീറ്റർ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സോളാർ പാനൽ സ്ഥാപിച്ച ഉപഭോക്താക്കൾക്ക് വന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## സോളാർ വൈദ്യുതി ഉൽപാദനം

735 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതിക്ക് ലെവി പിരിക്കുന്നത് കേന്ദ്രനയത്തിന് വിരുദ്ധമാണെന്നിരിക്കെ സംസ്ഥാനത്ത് കെ. എസ്. ഇ. ബി. സോളാർ വൈദ്യുതിക്ക് ലെവി പിരിക്കുന്നുണ്ടോ; മുൻ വർഷത്തെ അപേക്ഷിച്ച് നിലവിൽ ലെവി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) 2030 ആകുമ്പോൾ രാജ്യത്തിന് ആവശ്യമായ വൈദ്യുതിയുടെ 50 ശതമാനവും സോളാർ ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജസ്രോതസിൽ നിന്നാകണമെന്ന നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിനായി, ഗാർഹിക സോളാർ ഉല്പാദകർക്ക് ആകർഷകമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് പകരം അത്തരം ഗുണഭോക്താക്കളെ പിന്തിരിപ്പിക്കുന്ന നയമാണ് കെ. എസ്. ഇ. ബി. യുടേത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സോളാർ വൈദ്യുതി, ജലവൈദ്യുതി, കാറ്റാടി ഊർജ്ജം, ആണവോർജം തുടങ്ങിയവയുടെ ഉല്പാദനത്തിന് തീരുവയോ നികുതിയോ ഏർപ്പെടുത്തരുത് എന്ന കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഗ്രോസ്സ് മീറ്ററിംഗ് സംവിധാനം സംസ്ഥാനത്തെ സോളാർ ഉപഭോക്താക്കൾക്കുമേൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും പിന്തിരിയുമോ എന്ന് വ്യക്തമാക്കാമോ?

## സോളാർ പവർ പ്ലാന്റ്

736 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര ഉപഭോക്താക്കൾക്ക് വിവിധ കപ്പാസിറ്റിയിലുള്ള സോളാർ പവർ പ്ലാന്റുകൾ നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവായി; വിശദമാക്കുമോ;

(ബി) പ്രസ്തുത പവർ പ്ലാന്റുകൾ ഏതെല്ലാം കമ്പനികളാണ് സ്ഥാപിച്ചു നൽകുന്നതെന്നും ഓരോ കമ്പനിക്കും ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; ഇവയുടെ പേയ്മെന്റ് റിലീസ് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സബ്സിഡി എത്രയാണെന്നും ഉപഭോക്താവിന്റെ ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി ഉപഭോക്താവുമായി കരാർ ഒപ്പ് വയ്ക്കേണ്ടതുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒപ്പ് വച്ച കരാറിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പാലക്കാട് താഴെത്തുടുക്കി മേലെത്തുടുക്കി ആദിവാസി ഊരുകളിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റിന്റെ ടെണ്ടർ ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവരുടെ പേര്, തസ്തിക, സ്ഥിരമാണോ താൽക്കാലികാടിസ്ഥാനത്തിലാണോ എന്നിവ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ?

## സൗരോർജ ഉല്പാദകരിൽ നിന്ന് ഈടാക്കുന്ന എനർജി തീരുവ

737 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൗരോർജ ഉല്പാദകരിൽ നിന്നും വർദ്ധിച്ച നിരക്കിൽ എനർജി തീരുവ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം തീരുവയാണ് ഉൽപാദകർ അധികമായി നൽകേണ്ടിവരിക; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഉൽപാദകരിൽ നിന്നും തീരുവ ഈടാക്കുന്നത് കേന്ദ്ര ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ആയത് അനുവദനീയമല്ലെന്ന് കേന്ദ്രസർക്കാരിൽ നിന്ന് അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർദ്ധനവ് നിലവിലുള്ള സോളാർ എനർജി ഉല്പാദകരെ നഷ്ടത്തിലാക്കുകയും പുതിയ ഉല്പാദക സംരംഭകരെ ഇതിൽ നിന്നും അകറ്റുകയും ചെയ്യുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പുരപ്പുറ സൗരോർജ ഉല്പാദകരെ നിരുത്സാഹപ്പെടുത്തുന്ന ഇത്തരം നടപടികളിൽ നിന്ന് പിന്മാറുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## പുരപ്പുറ സോളാർ പദ്ധതി

738 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരപ്പുറ സോളാർ പദ്ധതിയുടെ

ഗുണഭോക്താക്കളാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ വ്യക്തികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദകർ കെ.എസ്.ഇ.ബി.ക്ക് പണം നൽകേണ്ടതുണ്ടോ; വിശദമാക്കുമോ?

## വൈദ്യുതി മോഷണം

739 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിലായി ആകെ എത്ര രൂപയ്ക്കുള്ള വൈദ്യുതിയാണ് മോഷണം നടത്തിയത്;

(സി) പ്രസ്തുത കേസുകളിലായി ആകെ എത്ര രൂപയാണ് പിഴ ചുമത്തിയത്;

(ഡി) അതിൽ എത്ര തുക ഈടാക്കി; ബാക്കി തുക ഈടാക്കാതിരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

## കോഴിക്കോട് നോർത്ത് നിയോജക മണ്ഡല പരിധിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

740 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡല പരിധിയിലെ കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മണിയൂരിലെ സബ്സ്റ്റേഷൻ നിർമ്മാണം

741 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂരിനടുത്തുള്ള കീഴൽ എന്ന സ്ഥലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കക്കാട് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ

742 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കക്കാട് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത സമയത്ത് സബ്സ്റ്റേഷന്റെ കപ്പാസിറ്റി എത്രയായിരുന്നുവെന്നും നിലവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് എത്ര കെ.വി.യിൽ ആണെന്നും പദ്ധതി വിഭാവനം ചെയ്ത രൂപത്തിൽ എന്നത്തേക്ക് പൂർണ്ണസജ്ജമാക്കാം എന്നും വിശദമാക്കാമോ?

## ചൂലുശ്ശേരിയിൽ 33 കെ. വി. സബ്സ്റ്റേഷൻ

743 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലുശ്ശേരിയിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മഞ്ചേരി സെക്ഷൻ ഓഫീസിന്റെ വിഭജനം

744 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി വൈദ്യുതി സെക്ഷനെ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ

745 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ വൈദ്യുതി സബ്സ്റ്റേഷൻ തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## അടിവാരം സബ്സ്റ്റേഷൻ

746 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ നടപടികൾ ഏത ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## പാറശ്ശാല നിയോജക മണ്ഡലത്തിലെ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം

747 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവൺമെന്റ് സ്കൂളിന് സമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിയ്ക്ക് അനുയോജ്യമാണോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സബ്സ്റ്റേഷൻ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. യിലെ നിയമന നിരോധനം

748 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ അയ്യായിരത്തി അറുന്നൂറിൽപരം തസ്തികകൾ വെട്ടിക്കുറയ്ക്കാനും നിയമന നിരോധനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് പ്രസരണം മുതൽ വിതരണം വരെയുള്ള ശൃംഖലയെ സാരമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ജീവനക്കാരുടെ കുറവ് നേരിടുന്ന സെക്ഷൻ ഓഫീസുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെ.എസ്.ഇ.ബി.യിൽ നിയമന നിരോധനം നടത്താനുള്ള നീക്കം ഉപേക്ഷിച്ച് ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇ-വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ

749 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി വൈദ്യുതി വകുപ്പിന്റെ

കീഴിൽ ഉള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഏതെങ്കിലും ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തനരഹിതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ജില്ലയിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ്</u>**

750 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ് മറ്റൊരു നിയോജകമണ്ഡലത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ബി) സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ രണ്ട് കെട്ടിടങ്ങൾ ജനപ്രതിനിധികളും നാട്ടുകാരും നിർദേശിച്ചിട്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്ന് മുനിസിപ്പാലിറ്റി പരിധിയിലേക്ക് സെക്ഷൻ ഓഫീസ് മാറ്റുന്നതിന് തീരുമാനിച്ചതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രദേശത്ത് സർവകക്ഷി പ്രക്ഷോഭങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇടയാക്കിയ പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിനുള്ള നിർദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>കുളങ്ങരത്ത് –നമ്പ്യാത്താൻ കുണ്ട് റോഡിലെ വൈദ്യുതി ലൈൻ മാറ്റൽ</u>**

751 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനെ പ്രവൃത്തി നടക്കുന്ന കുളങ്ങരത്ത് – നമ്പ്യാത്താൻ കുണ്ട് റോഡിലെ വൈദ്യുതി ലൈൻ മാറ്റാൻ അപേക്ഷ തന്നതിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ലൈൻ മാറ്റി നൽകാത്ത കാരണം റോഡിലെ കലുങ്ക് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ലൈൻ മാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം എന്തെന്ന് വിശദമാക്കാമോ?

**<u>സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ നടപടി</u>**

752 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരി ന്റെനിർദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

വിശദാംശം ലഭ്യമാക്കുമോ?

**<u>അനെർട്ട് വഴി സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി</u>**

753 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് വഴി സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി വരും വർഷങ്ങളിൽ കൈപ്പമംഗലം മണ്ഡലത്തിൽ വ്യാപകമായി നടപ്പിലാക്കാനുള്ള ആലോചനയുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി എത്ര സ്ഥലത്ത് കൃഷിയിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്; കണക്ക് നൽകാമോ;

(സി) എല്ലാ സമയത്തും വൈദ്യുതി ആവശ്യമുള്ള നൂതന മത്സ്യവളർത്തൽ രീതിയായ ബയോ ഫ്ലോക്ക് മത്സ്യകൃഷിയിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ?

**<u>ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ</u>**

754 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്കുള്ള ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും പ്രതിമാസം ശരാശരി എത്ര രൂപ സർക്കാരിന് ലഭിക്കുന്നുണ്ട്; പുതുതായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>പുരപ്പുറ സോളാർ പദ്ധതി</u>**

755 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പുരപ്പുറ സോളാർ പദ്ധതിക്കായി ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർ സോളാർ നിലയം സ്ഥാപിച്ചിട്ടുണ്ടെന്നും ഉപയോഗം കഴിഞ്ഞ് എത്ര യൂണിറ്റ് വൈദ്യുതി ഗ്രിഡിലേക്ക് ലഭിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് നിലവിൽ കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുള്ള നിരക്ക് (ഫീഡ് ഇൻ താരിഫ്) എത്രയാണെന്നും ഏത് വർഷം മുതലാണ് ഈ നിരക്ക് പ്രാബല്യത്തിലായതെന്നും വിശദമാക്കാമോ;

(സി) പുരപ്പുറ സോളാറിൽ നിന്നുള്ള റിന്യൂവബിൾ എനർജിക്ക് സംസ്ഥാന സർക്കാർ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>അനെർട്ട് മുഖേന ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

756 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി മാറ്റിവെച്ചിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ?

**ലൈഫ് മിഷൻ വീടുകളിൽ അനെർട്ട് പവർ പ്ലാൻറുകൾ**

757 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ വീടുകളിൽ അനെർട്ട് മുഖേന ഇതുവരെ എത്ര പവർപ്ലാന്റുകൾ സ്ഥാപിച്ചു നൽകിയെന്നും ഇതിനായി ആകെ എത്ര തുക ചെലവായെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പവർപ്ലാന്റുകൾ സ്ഥാപിച്ചു നൽകിയ കമ്പനികൾ ഏതൊക്കെയെന്ന വിവരം ഓരോ കമ്പനിക്കും നൽകിയ തുകയുടെ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(സി) പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഏതെല്ലാം കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്; ഏതു വ്യവസ്ഥയിലൂടെയാണ് കമ്പനികളുടെ റേറ്റ് നിശ്ചയിച്ചിട്ടുള്ളത്; പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക ലഭ്യമാക്കാമോ;

(ഡി) അനെർട്ടിൽ സ്മാർട്ട് സിറ്റിയുടെ സോളാർ പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ആരൊക്കെ; അവരുടെ പേര് ,തസ്തിക, സ്ഥിരമാണോ, താൽക്കാലികമാണോ എന്നിവ വ്യക്തമാക്കാമോ?

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവൃത്തികൾ**

758 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരിച്ച പ്രവൃത്തികളുടെയും ഇനി അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിവരങ്ങൾ നല്കാമോ; തുറമുഖത്തിന്റെ ഉദ്ഘാടനം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(ബി) തുറമുഖത്ത് ആദ്യം അടുക്കുന്ന വാണിജ്യ കപ്പലിന്റെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഈ തുറമുഖത്ത് ഒരേ സമയം എത്ര വാണിജ്യ കപ്പലുകൾ അടുപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ ചെലവും കേന്ദ്ര-സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ നല്കാമോ;

(ഡി) തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാന സമ്പദ് വ്യസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുളള സാമ്പത്തിക സഹായങ്ങൾ വിശദമാക്കാമോ;

(എഫ്) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അനുബന്ധമായി എന്തൊക്കെ

സംരംഭങ്ങളാണ് നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ

759 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമായും എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ;

(ബി) തുറമുഖ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുക തുറമുഖ കമ്പനിക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വിഴിഞ്ഞം തുറമുഖം എന്ന് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

760 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി പ്രവർത്തിക്കാൻ വിഴിഞ്ഞത്തിന് കേന്ദ്ര തുറമുഖ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതോടെ വലിയ കപ്പലുകൾക്ക് (മദർഷിപ്) അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറുമോ; വിശദമാക്കാമോ;

(സി) ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖനഗരങ്ങളിലൊന്നാക്കി വിഴിഞ്ഞത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്കുകൂടി വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ (ഒ.എ.ജി.സി.) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## പൊന്നാനിയിൽ മൾട്ടി പർപ്പസ് തുറമുഖ നിർമ്മാണം

761 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ മൾട്ടി പർപ്പസ് തുറമുഖം സ്ഥാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനമനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## അഴീക്കൽ തുറമുഖ വികസന പ്രവർത്തനങ്ങൾ

762 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മൈനർ തുറമുഖങ്ങൾക്ക് വേണ്ടി നീക്കിവെച്ച തുകയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് അഴീക്കൽ തുറമുഖത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദാംശം അറിയിക്കാമോ?

## മലബാറിലെ ചെറുതുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള പദ്ധതികൾ

763 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ബേപ്പൂർ, പൊന്നാനി, അഴീക്കൽ എന്നീ ചെറുതുറമുഖങ്ങളിൽ വലിയ കപ്പലുകൾ അടുക്കുന്നതിനായി ആഴം കൂട്ടുന്നതിന് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) നിലവിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ബേപ്പൂർ തുറമുഖത്തിന്റെ ആഴം കൂട്ടൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## ജലയാനങ്ങളിലെ ലൈസൻസ് റീ വാലിഡേഷൻ

764 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പ് മുഖേന വിതരണം ചെയ്തിരുന്ന ജലയാനങ്ങളുടെ ലൈസൻസ്, റീ വാലിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അമിത ഫീസ് വാങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ലൈസൻസുള്ളവരും സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരുമായ ബോട്ട് സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നിവരുടെ ലൈസൻസ് റീവാലിഡേറ്റ് ചെയ്യുന്നതിന് കോഴ്സിന്റെ ദൈർഘ്യം കുറച്ച് സൗജന്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഹൗസ് ബോട്ടുകൾക്ക് ലൈസൻസ്

765 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ലൈസൻസ് ലഭ്യമാകാത്ത ഹൗസ്സ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ലൈസൻസ്സുകൾ ഇല്ലാതെതന്നെ ഹൗസ്സ് ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>കേരള-ഗൾഫ് കപ്പൽ സർവ്വീസ്</u>

766 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗൾഫ് പ്രവാസികൾക്ക് ആശ്വാസമാകുന്ന കേരള-ഗൾഫ് യാത്ര കപ്പൽ സർവ്വീസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

## <u>മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്</u>

767 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകരയിൽ പ്രവർത്തനം ആരംഭിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഇനി നടത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണം നിർത്തിവച്ചിരിക്കുന്ന കെട്ടിടം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സഹകരണ വകുപ്പിലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം</u>

768 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കണമെന്ന പൊതുഭരണ വകുപ്പിന്റെ 25.02.2017-ലെ ജി.ഒ.(പി) 3/2017 നമ്പർ ഉത്തരവ് ഇറങ്ങി ഏഴ് വർഷം കഴിഞ്ഞിട്ടും സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം 30.04.2024-ന് മുമ്പ് നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നം.20/2024 & 404/2024 നമ്പർ കേസുകളുടെ വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ നക്ഷത്രചിഹ്നം

ഇടാത്ത 2891-ാം നമ്പർ ചോദ്യത്തിന് 13.12.2022-ലും പത്താം സമ്മേളനത്തിലെ നക്ഷത്രചിഹ്നം ഇടാത്ത 2845-ാം നമ്പർ ചോദ്യത്തിന് 13.02.2024-ലും സഹകരണ വകുപ്പ് നൽകിയ മറുപടികളിൽമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സഹകരണ പുനരുദ്ധാരണ പാക്കേജിൽ പറഞ്ഞിരുന്ന പ്രകാരം സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## <u>സഹകരണ മേഖലയുടെ ശാക്തീകരണം.</u>

769 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് ആശ്വാസമേകുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ തടയുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

## <u>സഹകരണ മേഖലയിലെ മാറ്റങ്ങൾ</u>

770 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ബാങ്ക് നിക്ഷേപ - വായ്പകളിൽ ഉണ്ടായ മാറ്റം വിശദമാക്കാമോ;

(സി) ആഡിറ്റും പരിശോധനകളും കാര്യക്ഷമമാക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സഹകരണ വകുപ്പിൽ പ്രമോഷനുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കാൻ നടപടി</u>

771 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സഹകരണ യൂണിവേഴ്സിറ്റി പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കിക്മ ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംഘങ്ങൾ

772 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയുടെ കീഴിൽ എത്ര വിദ്യാഭ്യാസ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള വിവരം പേരും സ്ഥാപിത വർഷവും സഹിതം ലഭ്യമാക്കാമോ; ഇവയിൽ ഏതെല്ലാം സംഘങ്ങളാണ് നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സഹകരണ വിദ്യാഭ്യാസ സംഘങ്ങളാണ് സക്രിയമായി പ്രവർത്തിച്ചു വരുന്ന സഹകരണ കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തുന്നതെന്നും അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) സഹകരണ വിദ്യാഭ്യാസ മേഖലയിലുള്ള സംഘങ്ങൾ നടത്തുന്നതും വിജയകരമായി പ്രവർത്തിച്ച് വരുന്നതുമായ ഏതെങ്കിലും കോളേജുകൾ സർവ്വകലാശാലാ അഫിലിയേഷൻ ലഭിക്കുന്നതിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; സഹകരണ കോളേജുകൾക്ക് സർവകലാശാല അഫിലിയേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്ന ഇത്തരം സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണനയും അംഗീകാരവും നല്കാൻ സർക്കാർ സന്നദ്ധമാകുമോ; വിശദമാക്കാമോ?

## കോതമംഗലത്ത് പുതിയ സഹകരണ പരിശീലന കേന്ദ്രം

773 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് പുതിയ ജെ.ഡി.സി./എച്ച്.ഡി.സി. സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോതമംഗലം സർക്കിൾ സഹകരണ യൂണിയൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## റിസ്ക് ഫണ്ട് മാനദണ്ഡത്തിൽ ഇളവ്

774 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുക്കുകയും മരണപ്പെടുകയും ചെയ്തവരുടെ അനന്തരാവകാശികൾക്ക് റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗുരുതരരോഗം ബാധിച്ചതുമൂലം ലോൺ കുടിശ്ശികയായവർക്ക് നിബന്ധനകളിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

## സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും

775 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## റിസ്ക് ഫണ്ട്

776 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## സഹകരണ മേഖലയിലെ അഴിമതി ഇല്ലാതാക്കാൻ കർമ്മപദ്ധതി

777 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അഴിമതി വർധിച്ച് വരുന്നുവെന്ന ആക്ഷേപത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ അഴിമതി സംബന്ധിച്ച എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ച ശേഷവും അഴിമതികൾ കൂടുന്നതിനാൽ ഈ മേഖലയിൽ കൂടുതൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഓഡിറ്റ് ഡയറക്ടറേറ്റ് മുൻ വർഷങ്ങളിൽ നൽകിയ നിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്

778 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ബ്രാൻഡിംഗ് ചെയ്യുന്നതിനും അവയുടെ വിപണനം മെച്ചപ്പെടുത്തുതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വനിതാ സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും വൈവിദ്ധ്യവല്ക്കരിക്കുന്നതിനും അവയ്ക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) സഹകരണ മേഖലയിലെ ഭക്ഷ്യ ഉല്പ്പന്നങ്ങളെ സുരക്ഷിത ഭക്ഷണമെന്ന ബ്രാൻഡിംഗ് ചെയ്ത് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഇന്ത്യൻ കോഫീ ഹൗസ്</u>

779 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഇന്ത്യൻ കോഫീ ഹൗസ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി റവന്യൂ വകുപ്പിൽ നിന്ന് സഹകരണ വകുപ്പിന് സമർപ്പിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ആയതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(സി) റവന്യൂ(എൽ)വകുപ്പിലെ എൽ-18/2023 ഫയൽ പ്രകാരം എൻ.ഒ.സി. ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>സഹകരണ മേഖലയിലെ നേട്ടങ്ങൾ</u>

780 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നേട്ടങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 'ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്'-ന്റെ ഉച്ചകോടിയിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പങ്കെടുത്തിരുന്നോ; പ്രസ്തുത ഉച്ചകോടിയിൽ ഏതൊക്കെ മേഖലകളിലെ നേട്ടങ്ങളാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്; വിശദാംശം നൽകുമോ;

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളിൽ സമൂഹത്തെ ചേർത്തുനിർത്തുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖല നൽകിയ സംഭാവനകൾ പ്രസ്തുത സമ്മേളനത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## സഹകരണ വകുപ്പിലെ താലൂക്ക് തല അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ

781 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ താലൂക്ക് തല അസിസ്റ്റൻറ് ഡയറക്ടർ (ഓഡിറ്റ് ) ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ ഇവ തുടങ്ങുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) സഹകരണ ഓഡിറ്റിന്റെ ഏറ്റവും താഴെത്തട്ടിലുള്ള താലൂക്ക്തല ഓഫീസുകൾ എല്ലാ താലൂക്കുകളിലും നിലവിലില്ലാത്തത് സഹകരണ ഓഡിറ്റിങ്ങിനെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാ താലൂക്കുകളിലും അനിവാര്യമായി ഉണ്ടായിരിക്കേണ്ട അസിസ്റ്റൻറ് ഡയറക്ടർ (ഓഡിറ്റ് ) ഓഫീസുകൾ എപ്പോഴാണ് പൂർണമായും ആരംഭിക്കുവാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

## പാലക്കാട് ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കാൻ നടപടി

782 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും എത്ര പേർക്കാണ് ഫണ്ട് അനുവദിക്കാനുള്ളത് എന്ന് വിശദമാക്കാമോ;

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ആലത്തൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന റിസ്ക് ഫണ്ട് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ ഫണ്ട് ലഭിക്കാത്തവരുടെ വിശദവിവരം ലഭ്യമാക്കാമോ?

## സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നുള്ള വായ്പ

783 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നാളിതുവരെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും എത്ര കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് വായ്പ എടുത്തിട്ടുള്ളതെന്നും ഓരോ വായ്പയുടെയും പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് കാലാവധി എപ്രകാരമാണെന്നും വിശദമാക്കുമോ;

(ബി) ഏതെങ്കിലും വായ്പകളുടെ തിരിച്ചടവ് മുടങ്ങുകയോ തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ: പ്രസ്തുത വായ്പകളുടെ തിരിച്ചടവ് മുടങ്ങുന്ന പക്ഷം ആയത് കൺസോർഷ്യത്തിൽ ഉൾപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ തകർച്ചയിലേക്ക് നയിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ

## നിന്നും ലഭിച്ച വായ്പ

784 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും നാളിതുവരെ എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട്; വായ്പയുടെ പലിശയും തിരിച്ചടവ് കാലാവധിയും നാളിതുവരെയുള്ള വായ്പ തിരിച്ചടവിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## അഞ്ച് സെന്റ് ഭൂമിയിൽ താഴെയുള്ളവർക്ക് ലോൺ അവദിക്കുന്നതിന് നടപടി

785 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ ആശ്രയവും അത്താണിയുമായ സഹകരണ സംഘങ്ങളിൽ നിന്ന് അഞ്ച് സെന്റ് ഭൂമിയിൽ താഴെയുള്ളവർക്കും ലോൺ കൊടുക്കാവുന്നതാണെന്നുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ പല സഹകരണ സംഘങ്ങളും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പുനർഗേഹം പദ്ധതിയിൽ വീട് ലഭിച്ചവർക്ക് സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## സഹകരണ ബാങ്കുകൾക്ക് കാർഷിക കടം എഴുതി തള്ളിയ വകയിൽ ലഭിക്കാനുള്ള തുക

786 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് കാർഷിക കടം എഴുതി തള്ളിയ വകയിൽ തുക ലഭിക്കാനുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം സർക്കാരിൽ നിന്ന് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ലഭിക്കുന്നതിനായി സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ?

## വായ്പാ കുടിശ്ശിക വരുത്തിയവർക്ക് ആശ്വാസ പദ്ധതി

787 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## സഹകരണമേഖലക്കായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ

788 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ മുന്നേറ്റത്തിന് പ്രതികൂലമായി ബാധിക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) അർബൻ ബാങ്കുകൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കണമെന്ന റിസർവ്വ് ബാങ്ക്ഓഫ് ഇന്ത്യ നിർദ്ദേശം സഹകരണ മേഖലയ്ക്ക് പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

## റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ

789 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിന്നും 2023 ജനുവരി മുതൽ 2024 ഏപ്രിൽ വരെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## എറണാകുളം ജില്ലയിലെ റിസ്ക് ഫണ്ട്

790 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി എത്ര പേർക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന സമർപ്പിച്ച അപേക്ഷകളിൽ ഫണ്ട് അനുവദിക്കാത്തവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ സർവീസ് സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് ആനുകൂല്യം

791 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മികച്ച മുന്നേറ്റമുണ്ടാക്കിയ അർബൻ ബാങ്കുകൾ

792 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ അർബൻ ബാങ്കുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച മുന്നേറ്റമുണ്ടാക്കിയ ബാങ്കുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്ത് മികച്ച നേട്ടം കൈവരിക്കുന്നതിന് പ്രസ്തുത ബാങ്കുകളെ പ്രാപ്തമാക്കിയ ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## റിസ്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം

793 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർ മരണപ്പെട്ടാൽ അനുവദിക്കുന്ന റിസ്ക് ഫണ്ട് പാസ്സായി വരുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

## പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ

794 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും സോഫ്റ്റ്‌വെയർ വാഗ്ദാനം ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ സൗജന്യ നിരക്കിൽ നൽകുമെന്നാണോ കേന്ദ്ര സർക്കാർ വാഗ്ദാനം നൽകിയിരുന്നത്; വ്യക്തമാക്കാമോ;

(സി) ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ടെൻഡറിന്റെ പ്രീ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; ഇതിൽ മാറ്റം വരുത്തിയിരുന്നോ; വിശദാംശം നൽകാമോ;

(ഇ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കരാർ കമ്പനിക്ക് യൂസേജ് ഫീ നൽകണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര തുകയെന്നു വ്യക്തമാക്കാമോ;

(എഫ്) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി കരാർ ലഭിച്ച സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്‌മെന്റ് പ്രോജക്ട് ഭരണാനുമതി ലഭ്യമാക്കാത്ത സാഹചര്യം</u>

795 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്‌മെന്റ് പ്രോജക്ട് (ഐ.സി.ഡി.പി.) സംവിധാനം തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങളുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിക്കാൻ വൈകുന്നതുമൂലം അപേക്ഷ സമർപ്പിച്ച സഹകരണ സംഘങ്ങൾ ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) ഐ.സി.ഡി.പി. പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

## <u>മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ</u>

796 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ</u>

797 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഇവ ഏതേതെല്ലാം വിഭാഗത്തിൽ പെടുന്നുവെന്നും അവയുടെ ആസ്തി ബാധ്യതകൾ എത്രയാണെന്നും വിശദമാക്കാമോ;

(സി) പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തിരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

798 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിലവിൽ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്; 2021-22 മുതൽ ഓരോ സാമ്പത്തിക വർഷവുമുള്ള പ്രസ്തുത സൊസൈറ്റിയിലെ സ്ഥിരനിക്ഷേപത്തിന്റെ കണക്ക് വ്യക്തമാക്കുമോ;

(ബി) ഊരാളുങ്കൽ സൊസൈറ്റി സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്ക് എത്രയാണ്; പ്രസ്തുത സൊസൈറ്റിക്ക് സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങൾ

799 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ദുർബല സഹകരണ സംഘങ്ങളെ കണ്ടെത്തുന്നതിനും അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ച് വരുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിലെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; പ്രസ്തുത സംഘങ്ങളുടെ പുനരുജ്ജീവനത്തിനും പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളിനെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം

800 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നത് സംബന്ധിച്ച സി2/298/2022 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നടന്ന സെക്രട്ടറിതല മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള

നടപടികൾ വിശദമാക്കാമോ?

**<u>വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ സഹകരണ നഴ്സിംഗ് കോളേജ്</u>**

801 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കേപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി സഹകരണമേഖലയിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ നടപടി പുരോഗതി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച പ്രകാരം വടക്കാഞ്ചേരി ജില്ലാ ആശുപത്രി പാരന്റ് ആശുപത്രിയായി നിശ്ചയിച്ച് സഹകരണ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 04-06-2024

ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].